# കേരള നിയമസഭ
# 06.02.2014-ലെ മറുപടിക്ക്

പതിമൂന്നാം കേരള നിയമസഭ
പത്താം സമ്മേളനം
2014 ഫെബ്രുവരി 6, വ്യാഴം
നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങൾ
(ആകെ ചോദ്യങ്ങൾ- 344)

| മറുപടി നൽകുന്ന മന്ത്രിമാർ | ചോദ്യനമ്പർ |
|---|---|
| മുഖ്യമന്ത്രി | 4942 മുതൽ 5037 വരെ |
| മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി | 5038 മുതൽ 5100 വരെ |
| ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി | 5101 മുതൽ 5212 വരെ |
| വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി | 5213 മുതൽ 5285 വരെ |

## സ്ത്രീകളും കുട്ടികളും അപമാനിക്കപ്പെടുന്നതിനെതിരെ നടപടി

4942 ശ്രീ. പി. ഉബൈദുള്ള
,, സി. മമ്മുട്ടി
,, റ്റി. എ. അഹമ്മദ് കബീർ
,, എൻ. ഷംസുദ്ദീൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സ്ത്രീകളും കുട്ടികളും അപമാനിക്കപ്പെടുന്ന സംഭവങ്ങൾക്കെതിരെ കർശന നിയമനടപടി സ്വീകരിക്കുമ്പോൾത്തന്നെ അത്തരം വൈകൃതങ്ങൾക്ക് കാരണമാകുന്ന മാനസിക, സാമൂഹ്യ കാരണങ്ങളെക്കുറിച്ച് ഒരു സമഗ്രപഠനത്തിനും തുടർനടപടികൾക്കും തുടക്കം കുറിക്കുമോ ; വ്യക്തമാക്കാമോ;

(ബി) സ്ത്രീകളെ അപമാനിക്കുന്ന തരത്തിൽ ദൃശ്യമാധ്യമങ്ങൾ മത്സരബുദ്ധിയോടെ പ്രക്ഷേപണം ചെയ്യുന്ന പരിപാടികൾ സാമൂഹ്യകെട്ടുറപ്പിന്റെ പരിധി ലംഘിക്കുന്നുണ്ടോ എന്നും മനുഷ്യരിൽ വൈകൃത മനോഭാവം വളർത്തുന്നുണ്ടോ എന്നും പരിശോധിക്കുമോ;

# കേരള നിയമസഭ
# 06.02.2014-ലെ മറുപടിക്ക്

(സി) സ്ത്രീത്വത്തെ മാനിക്കാനും, നല്ല സ്ത്രീ - പുരുഷ ബന്ധം വളർത്താനും ഉതകുന്ന പാഠഭാഗങ്ങളും പരിശീലനവും പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തുന്ന കാര്യത്തിൽ വിദ്യാഭ്യാസവകുപ്പുമായി ആലോചിച്ച് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 06.02.2014-ലെ മറുപടിക്ക്

<u>കേന്ദ്രാവിഷ്കൃത പദ്ധതികളുടെ മാനദണ്ഡങ്ങൾ</u>

4943 ഡോ. ടി. എം. തോമസ് ഐസക്
പ്രൊഫ. സി. രവീന്ദ്രനാഥ്
ശ്രീ. എ. പ്രദീപ്കുമാർ
,, റ്റി. വി. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേന്ദ്രാവിഷ്കൃത പദ്ധതികളുടെ മാനദണ്ഡങ്ങൾ കേരളത്തിന്റെ യാഥാർത്ഥ്യങ്ങളുമായി ഒരു തരത്തിലും പൊരുത്തപ്പെടുന്നതല്ലായെന്നുള്ള കാര്യം കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽപെടുത്തിയിട്ടുണ്ടോ;

(ബി) പ്രസ്തുത മാനദണ്ഡങ്ങളിൽ മാറ്റം വരുത്താൻ കേന്ദ്ര സർക്കാർ തയ്യാറായിട്ടുണ്ടോ;

(സി) ഇതുമൂലം കേന്ദ്രാവിഷ്കൃത പദ്ധതികളുടെ പ്രയോജനം കേരളത്തിന് ലഭ്യമാകുന്നുണ്ടോ; വ്യക്തമാക്കാമോ;

(ഡി) മാനദണ്ഡങ്ങൾ കേരളത്തിന്റെ കൂടി സാഹചര്യങ്ങൾക്കനുസരിച്ച് മാറ്റം വരുത്താൻ കേന്ദ്രത്തിൽ സമ്മർദ്ദം ചെലുത്തുമോ;

(ഇ) ഇക്കാര്യത്തിൽ മുഖ്യമന്ത്രിക്ക് പ്രധാനമന്ത്രിയിൽ നിന്നും എന്തെങ്കിലും ഉറപ്പ് ലഭിച്ചിട്ടുണ്ടായിരുന്നുവോ; എങ്കിൽ ആയത് നടപ്പിൽ വരുത്തുകയുണ്ടായിട്ടുണ്ടോ; വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 06.02.2014-ലെ മറുപടിക്ക്

<u>കേരളത്തിന്റെ വികസന ആവശ്യങ്ങളോടുള്ള അവഗണന</u>

4944 ശ്രീ. കോടിയേരി ബാലകൃഷ്ണൻ
'' ജി. സുധാകരൻ
'' കെ. സുരേഷ് കുറുപ്പ്
'' എം. ഹംസ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരളത്തിന്റെ വികസന ആവശ്യങ്ങളെ അവഗണിക്കുകയും സംസ്ഥാനത്തോട് കടുത്ത വിവേചനം കാണിക്കുകയും ചെയ്യുന്ന കേന്ദ്രസർക്കാരിന്റെ നിലപാട് മാറ്റിക്കുന്നതിനും സംസ്ഥാനത്തിന് നീതി ലഭിക്കുന്നതിനും വേണ്ടി, കേന്ദ്രത്തിൽ സമ്മർദ്ദം ചെലുത്താൻ തയ്യാറാകുമോ; പരിഹാരം കണ്ടിട്ടില്ലാത്തതായ സംസ്ഥാനത്തിന്റെ വികസന ആവശ്യങ്ങൾ എന്തൊക്കെയാണ്;

(ബി) കേരളം കൈവരിച്ച സാമൂഹ്യക്ഷേമ നേട്ടങ്ങളുടെ പേരിൽ സംസ്ഥാനത്തിനുള്ള കേന്ദ്രവിഹിതം വെട്ടികുറക്കണമെന്ന നിലയിലുള്ള രഘുറാം രാജൻ കമ്മിറ്റിയുടെ ശുപാർശ കേരളത്തിന്റ നില വീണ്ടും പരുങ്ങലിലാക്കുമെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത നിർദ്ദേശം തള്ളികളയണമെന്ന് കേന്ദ്രസർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ടോ;

(സി) സാമൂഹ്യവികസന നേട്ടങ്ങൾ സംരക്ഷിക്കാൻ സംസ്ഥാനത്തിന് പ്രസ്തുത മേഖലയിൽ വൻ തോതിൽ പൊതുനിക്ഷേപം
നടത്തേണ്ടതുണ്ടെന്ന കാര്യം പരിഗണിക്കുമോ;

(ഡി) സംസ്ഥാനത്തോടുള്ള അവഗണനയും വിവേചനവും അവസാനിപ്പിച്ച് അനുകൂല നിലപാട് സ്വീകരിക്കുവാൻ കേന്ദ്രസർക്കാരിൽ സമ്മർദ്ദം ചെലുത്തുമോ?

# കേരള നിയമസഭ
# 06.02.2014-ലെ മറുപടിക്ക്

മുഖ്യമന്ത്രിയുടെ ഓഫീസിലെ വെബ്സൈറ്റിന്റെ പ്രവർത്തനവും ഉദ്ദേശ്യലക്ഷ്യങ്ങളും

4945 ശ്രീ. ഷാഫി പറമ്പിൽ
,, ഡൊമിനിക് പ്രസന്റേഷൻ
,, ഹൈബി ഈഡൻ
,, സി. പി. മുഹമ്മദ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രിയുടെ ഓഫീസിലെ വെബ്സൈറ്റിന്റെ പ്രവർത്തനവും ഉദ്ദേശ്യലക്ഷ്യങ്ങളും എന്തൊക്കെയാണ്; വിശദമാക്കുമോ;

(ബി) എന്തെല്ലാം സൗകര്യങ്ങളാണ് പ്രസ്തുത വെബ്സൈറ്റ് മുഖേന ജനങ്ങൾക്ക് ലഭിക്കുന്നത്; വിശദാംശങ്ങൾ വ്യക്തമാക്കാമോ;

(സി) പ്രസ്തുത വെബ്സൈറ്റിന് കേന്ദ്ര സർക്കാർ പുരസ്കാരം ലഭിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ഡി) എന്തടിസ്ഥാനത്തിലാണ് പുരസ്കാരം ലഭിച്ചത്; വിശദാംശങ്ങൾ വ്യക്തമാക്കാമോ?

# കേരള നിയമസഭ
# 06.02.2014-ലെ മറുപടിക്ക്

<u>മുഖ്യമന്ത്രിയുടെ കാൾ സെന്ററുകളുടെ പ്രവർത്തനങ്ങൾ</u>

4946 ശ്രീ. എ. റ്റി. ജോർജ്
,, വി. പി. സജീന്ദ്രൻ
,, പി. സി. വിഷ്ണുനാഥ്
,, വർക്കല കഹാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രിയുടെ കാൾ സെന്ററുകളുടെ പ്രവർത്തനങ്ങൾ എന്തൊക്കെയാണ്; വിശദമാക്കുമോ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദാംശം വ്യക്തമാക്കാമോ;

(സി) എന്തെല്ലാം സേവനങ്ങളാണ് പ്രസ്തുത കാൾ സെന്ററുകൾ മുഖേന ലഭിക്കുന്നത്; വിശദമാക്കുമോ;

(ഡി) പ്രസ്തുത സംവിധാനം ഉപയോഗപ്പെടുത്തുന്നവർക്ക് വേഗത്തിലും ഫലപ്രദമായും ആശ്വാസം നൽകുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുളളത്; വിശദാംശങ്ങൾ വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 06.02.2014-ലെ മറുപടിക്ക്

ഗ്രാമീണ കാർഷിക തൊഴിൽ പ്രവൃത്തിപരിചയ പരിപാടി

4947 ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ
,, ജോസഫ് വാഴക്കൻ
,, എ. പി. അബ്ദുള്ളക്കുട്ടി
,, കെ. ശിവദാസൻ നായർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സയൻസ് ആന്റ് ടെക്നോളജി വകുപ്പിനു കീഴിൽ ഗ്രാമീണ കാർഷിക തൊഴിൽ പ്രവൃത്തി പരിചയ പരിപാടി
നടപ്പിലാക്കാനുദ്ദേശിക്കുന്നുണ്ടോ ; വിശദമാക്കുമോ ;

(ബി) പ്രസ്തുത പരിപാടിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ് ; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) ഏതെല്ലാം ഏജൻസികളാണ് പ്രസ്തുത പ്രോഗ്രാമുമായി സഹകരിക്കുന്നത് ;

(ഡി) ഏതെല്ലാം മേഖലയ്ക്കാണ് ഇതിന്റെ ഗുണങ്ങൾ ലഭിക്കുന്നത് ; വിശദമാക്കുമോ ?

# കേരള നിയമസഭ
# 06.02.2014-ലെ മറുപടിക്ക്

2012-13, 2013-14 വർഷങ്ങളിലെ ജനസമ്പർക്ക പരിപാടിയിൽ വ്യക്തിഗത ആനുകൂല്യങ്ങൾക്ക് അനുവദിച്ച തുക

4948

ശ്രീ. മുല്ലക്കര രത്നാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2012-13 ലെ ജനസമ്പർക്ക പരിപാടിയിൽ ആകെ ലഭിച്ച നിവേദനങ്ങൾ എത്രയെന്ന് കണക്കാക്കിയിട്ടുണ്ടോ;

(ബി) ഇതിൽ തീർപ്പുകല്പിച്ചതെത്ര; പ്രസ്തുത കാലയളവിൽ വ്യക്തിഗത ആനുകൂല്യങ്ങൾക്കായി എന്തു തുക അനുവദിക്കുകയുണ്ടായി;

(സി) 2013-14 ലെ ജനസമ്പർക്ക പരിപാടിയിൽ ആകെ എത്ര നിവേദനങ്ങൾ ലഭിച്ചു;

(ഡി) എത്രയെണ്ണത്തിൽ തീർപ്പായി; വ്യക്തിഗത ആനുകൂല്യങ്ങൾക്കായി എന്തു തുക അനുവദിക്കുകയുണ്ടായി; വ്യക്തമാക്കാമോ?

## കേരള നിയമസഭ
## 06.02.2014-ലെ മറുപടിക്ക്

<u>ജനസമ്പർക്ക പരിപാടിയിലെ ചെലവുകൾ</u>

4949 ശ്രീ. കോടിയേരി ബാലകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2011-12 സാമ്പത്തിക വർഷത്തിൽ മുഖ്യമന്ത്രി ജനസമ്പർക്ക പരിപാടി നടത്തിയിട്ടുണ്ടോ; എങ്കിൽ ഇതിൽ എത്ര പരാതികൾ ലഭ്യമായെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത പരാതികളിൽ എത്രയെണ്ണത്തിൽ അന്തിമ തീർപ്പുകൽപ്പിച്ചെന്ന് വിശദമാക്കാമോ;

(സി) പ്രസ്തുത പരാതികളിന്മേൽ മുഖ്യമന്ത്രി എന്തു തുക അനുവദിച്ചെന്ന് വെളിപ്പെടുത്താമോ; ഇതിൽ എന്ത് തുക ഇതിനകം പരാതിക്കാർ കൈപ്പറ്റിയിട്ടുണ്ടെന്ന് വിശദമാക്കാമോ;

(ഡി) 2011-12 വർഷത്തെ ജനസമ്പർക്ക പരിപാടിയിൽ ലഭിച്ച പരാതികളിന്മേൽ സംസ്ഥാന ഗവൺമെന്റ് സെക്രട്ടേറിയറ്റിലും ജില്ലാകളക്ടറേറ്റിലും മറ്റ് സർക്കാർ ഓഫീസുകളിലുമായി എത്ര ഫയലുകൾ ആവിർഭവിച്ചിട്ടുണ്ടെന്നും അതിൽ അന്തിമ തീർപ്പുകൽപ്പിക്കാതെ എത്ര ഫയലുകൾ നിലവിലുണ്ടെന്നും വിശദമാക്കാമോ;

(ഇ) പ്രസ്തുത കാലയളവിലെ ജനസമ്പർക്കപരിപാടി നടത്തിപ്പിനായി എന്തു തുക സർക്കാർ ഖജനാവിൽ നിന്ന് ചിലവഴിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ;

(എഫ്) 2013-14 സാമ്പത്തികവർഷം മുഖ്യമന്ത്രി നടത്തിയ ജനസമ്പർക്ക പരിപാടിയിൽ എത്ര പരാതികൾ ലഭ്യമായെന്ന് ജില്ലതിരിച്ച് കണക്ക് വിശദമാക്കാമോ;

(ജി) പ്രസ്തുത കാലയളവിലെ ഓരോ പരാതികളും പ്രത്യേകം തിരിച്ച് ഏതൊക്കെ ഇനത്തിലുള്ള എത്ര പരാതികളാണെന്ന് വെളിപ്പെടുത്തുമോ;

(എച്ച്) ഇതിൽ എത്ര പരാതികളിൽ തീരുമാനം കൈക്കൊണ്ടെന്ന് വിശദമാക്കാമോ;

# കേരള നിയമസഭ
## 06.02.2014-ലെ മറുപടിക്ക്

(ഐ) പ്രസ്തുത അപേക്ഷകളിൽ എ. പി. എൽ കാർഡ് ബി. പി. എൽ ആക്കി മാറ്റുന്നതിന് എത്ര അപേക്ഷകൾ ലഭ്യമായെന്നും ഇതിൽ എത്രപേരുടെ എ. പി. എൽ കാർഡുകൾ ബി. പി. എൽ ആക്കി മാറ്റിയെന്നും വിശദമാക്കാമോ;

(ജെ) പ്രസ്തുത കാലയളവിലെ ജനസമ്പർക്ക പരിപാടിയിൽ ഓരോ ജില്ല തിരിച്ചും എന്തു തുക മുഖ്യമന്ത്രി വിതരണം ചെയ്തെന്ന് വെളിപ്പെടുത്താമോ;

(കെ) 2011-12 സാമ്പത്തിക വർഷം പരാതിയുമായി വന്ന എത്ര പേർ 2013-14 സാമ്പത്തിക വർഷത്തിലും ജനസമ്പർക്ക പരിപാടിയിൽ മുഖ്യമന്ത്രിയെ അതേ പരാതിയുമായി സമീപിച്ചുവെന്ന് വിശദമാക്കാമോ?

# കേരള നിയമസഭ
# 06.02.2014-ലെ മറുപടിക്ക്

<u>മുഖ്യമന്ത്രിയുടെ ജനസമ്പര്‍ക്ക പരിപാടി 2-ാം ഘട്ടത്തിന്റെ പരസ്യങ്ങള്‍</u>

4950 ശ്രീ. ബാബു എം. പാലിശ്ശേരി

താഴെ കാണുന്ന ചോദ്യത്തിന്
**മുഖ്യമന്ത്രി**
സദയം മറുപടി നല്‍കുമോ:

മുഖ്യമന്ത്രിയുടെ ജനസമ്പര്‍ക്ക പരിപാടി 2-ാം ഘട്ടത്തിന്റെ പരസ്യങ്ങള്‍ കേരളത്തിനു പുറത്തുള്ള ഡല്‍ഹി അടക്കമുള്ള സംസ്ഥാനങ്ങളില്‍ വരത്തക്കവണ്ണം ഏതെല്ലാം ദേശീയ ഇംഗ്ലീഷ് പത്രങ്ങളിലാണ് നല്‍കിയിരുന്നത് ; പ്രസ്തുത പരസ്യങ്ങള്‍ക്ക് എന്തു തുക ചിലവഴിച്ചു ; വിശദാംശം വ്യക്തമാക്കുമോ ?

# കേരള നിയമസഭ
# 06.02.2014-ലെ മറുപടിക്ക്

<u>തൃശൂർ ജില്ലയിലെ ജനസമ്പർക്ക പരിപാടി</u>

4951 ശ്രീമതി ഗീതാ ഗോപി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തൃശൂർ ജില്ലയിൽ മുഖ്യമന്ത്രി നടത്തിയ ജനസമ്പർക്ക പരിപാടിയിൽ ആകെ ലഭിച്ച അപേക്ഷകളുടെ എണ്ണം എത്രയെന്ന് വ്യക്തമാക്കാമോ;

(ബി) അവയിൽ എത്ര എണ്ണം തീർപ്പാക്കി; അവയെല്ലാം നിയമാനുസൃതമായിരുന്നുവോ; വിശദമാക്കുമോ;

(സി) ആയതിൽ എത്ര പേർക്ക് തുക അനുവദിച്ചു; ആകെ അനുവദിച്ച തുക എത്ര; വ്യക്തമാക്കാമോ;

(ഡി) അനുവദിച്ച തുക മുഴുവൻ അപേക്ഷകർക്ക് വിതരണം ചെയ്തു കഴിഞ്ഞിട്ടുണ്ടോ; വിശദമാക്കാമോ?

# കേരള നിയമസഭ
## 06.02.2014-ലെ മറുപടിക്ക്

ജനസമ്പർക്ക പരിപാടിയിലെ ചികിത്സാ ധനസഹായം

4952 ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ

താഴെ കാണുന്ന ചോദ്യത്തിന്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

ജനസമ്പർക്ക പരിപാടിയിൽ ചികിത്സാ സഹായമായി ഓരോ ജില്ലയിലും എത്ര രൂപ വിതരണം ചെയ്തു എന്നും ഓരോ അപേക്ഷയിലും പരമാവധി അനുവദിച്ച തുക എത്രയാണെന്നും വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 06.02.2014-ലെ മറുപടിക്ക്

<u>ഭൂമി തട്ടിപ്പ് സംബന്ധിച്ച ആക്ഷേപം</u>

4953

ശ്രീ. ബി. സത്യന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) 2013 മെയ് മാസത്തില്‍ ദൂരദര്‍ശന്‍ സംപ്രേക്ഷണം ചെയ്ത മുഖ്യമന്ത്രിയുടെ സുതാര്യ കേരളം പരിപാടിയില്‍ മുഖ്യമന്ത്രിയുടെ ഗണ്‍മാന്‍ ആയിരുന്ന സലീംരാജിനെതിരെ, കടകംപള്ളി സ്വദേശിയായ ബാലസുബ്രഹ്മണ്യം, ഭൂമി തട്ടിപ്പ് സംബന്ധിച്ച ആക്ഷേപം ഉന്നയിച്ചിട്ടുണ്ടായിരുന്നുവോ;

(ബി) ഉന്നയിച്ച ആക്ഷേപം സംബന്ധിച്ച് വിശദമാക്കാമോ; ആക്ഷേപം കേട്ട ബഹു. മുഖ്യമന്ത്രിയും ജില്ലാ കളക്ടറും നല്കിയ മറുപടി എന്തായിരുന്നു; വിശദമാക്കാമോ;

(സി) പ്രസ്തുത ആക്ഷേപത്തിന്മേല്‍ സ്വീകരിക്കപ്പെട്ട മേല്‍നടപടി എന്തായിരുന്നു; വിശദമാക്കാമോ; ഇക്കാര്യത്തില്‍ എടുത്ത അന്തിമ തീരുമാനം എന്തായിരുന്നു; വ്യക്തമാക്കാമോ?

# കേരള നിയമസഭ
# 06.02.2014-ലെ മറുപടിക്ക്

<u>സൗരോര്‍ജ്ജ പാനല്‍ തട്ടിപ്പുമായി ബന്ധപ്പെട്ട്</u>
<u>മുഖ്യമന്ത്രിയുടേതെന്ന പേരിലുള്ള കത്തുകള്‍</u>

4954 ശ്രീ. സാജു പോള്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സൗരോര്‍ജ്ജ പാനല്‍ തട്ടിപ്പുമായി ബന്ധപ്പെട്ട് പോലീസ് രജിസ്റ്റര്‍ ചെയ്ത കേസുകളില്‍ മുഖ്യമന്ത്രിയുടെ കത്ത് കാണിച്ച് തട്ടിപ്പ് നടത്തിയതുമായി ബന്ധപ്പെട്ട് പരാതിക്കാര്‍ നല്‍കിയ മൊഴിയില്‍ മുഖ്യമന്ത്രിയുടേതെന്ന പേരില്‍ എത്ര കത്തുകള്‍ കാട്ടിയെന്ന് പറയുന്നുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത കത്തുകളില്‍ ഏതെല്ലാം കത്തുകള്‍ കണ്ടെത്താന്‍ കഴിഞ്ഞിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) കണ്ടെത്തിയ കത്തുകള്‍ പരാതിക്കാരെ കാണിച്ച് ഉറപ്പുവരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ?

# കേരള നിയമസഭ
## 06.02.2014-ലെ മറുപടിക്ക്

<u>മന്ത്രിമാരുടെ ഔദ്യോഗിക വസതികളിലും ആഫീസുകളിലും സൗരോർജ്ജ വിളക്കുകൾ</u>

4955 ഡോ. ടി. എം. തോമസ് ഐസക്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഏതെല്ലാം മന്ത്രിമാരുടെ ഔദ്യോഗിക വസതികളിലും ആഫീസുകളിലും സൗരോർജ്ജ വിളക്കുകൾ സ്ഥാപിക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ട്; സ്വീകരിച്ച നടപടി വ്യക്തമാക്കാമോ;

(ബി) ഏത് ഏജൻസി മുഖേന ഏതെല്ലാം സ്ഥാപനങ്ങളെയാണ് ആയതിനായി നിയോഗിച്ചിട്ടുളളത്; പ്രതീക്ഷിക്കുന്ന ചെലവ് എത്ര;

(സി) പ്രസ്തുത സൗരോർജ്ജ വിളക്കുകൾ സ്ഥാപിക്കുന്നതിനായി വിളിക്കപ്പെട്ട ടെണ്ടറുകളിൽ ഏതെല്ലാം സ്ഥാപനങ്ങൾ പങ്കെടുക്കുകയുണ്ടായി; വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 06.02.2014-ലെ മറുപടിക്ക്

<u>പരാതികൾക്ക് കൃത്യസമയത്ത് മറുപടി നൽകുന്നതിന് സ്വീകരിച്ച നടപടികൾ</u>

4956 ശ്രീ. കെ. എൻ. എ. ഖാദർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മന്ത്രിമാർക്കും ഉദ്യോഗസ്ഥൻമാർക്കും നൽകുന്ന പരാതികൾക്ക് സത്യസന്ധവും വ്യക്തവുമായ മറുപടി കൃത്യസമയത്ത് ലഭിക്കാത്തത് സംബന്ധിച്ച് പരാതികളും ഇതു സംബന്ധിച്ച സർക്കാർ നിർദ്ദേശങ്ങളും പാലിക്കപ്പെടുന്നില്ലെന്നുള്ള കാര്യവും ശ്രദ്ധയിൽപെട്ടിട്ടുണ്ടോ ;

(ബി) ആയതിന് പരിഹാരം കാണുവാൻ നടപടി സ്വീകരിക്കുമോ ;

(സി) ഇതിൽ വീഴ്ച വരുത്തുന്നവരുടെ പേരിൽ എന്തു നടപടിയാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ;

(ഡി) ജില്ലാ കളക്ടർ, പോലീസ് സൂപ്രണ്ട് തുടങ്ങിയ ജില്ലാതല ഓഫീസർമാർക്ക് നൽകുന്ന പരാതികൾക്കും യാതൊരു മറുപടിയും നൽകിവരാറില്ലെന്ന കാര്യവും ശ്രദ്ധയിൽപെട്ടിട്ടുണ്ടോ ; വ്യക്തമാക്കാമോ ;

(ഇ) ജില്ലാ ഭരണാധികാരികളുടെ പ്രസ്തുത അനാസ്ഥ പരിഹരിക്കുവാൻ അടിയന്തിരനടപടി സ്വീകരിക്കുമോ ; വ്യക്തമാക്കാമോ ?

# കേരള നിയമസഭ
# 06.02.2014-ലെ മറുപടിക്ക്

<u>കോടതി പരാമർശത്തെ തുടർന്ന് രാജിവെച്ച മന്ത്രിമാർ</u>

4957 ഡോ. ടി. എം. തോമസ് ഐസക്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 01/01/2000-ന് ശേഷം കോടതി പരാമർശങ്ങളെ തുടർന്ന് മന്ത്രിസ്ഥാനത്തുനിന്ന് രാജിവച്ച് ഒഴിഞ്ഞ മന്ത്രിമാർ ആരൊക്കെയായിരുന്നു ;

(ബി) ഒരേ ദിവസം (23-7-2013) കേരള ഹൈക്കോടതിയുടെ രണ്ട് ബഞ്ചുകളിൽനിന്ന് സർക്കാരിന് വിമർശനം ഏറ്റുവാങ്ങേണ്ടിവരുകയുണ്ടായോ ; കോടതി നടത്തിയ പരാമർശങ്ങൾ എന്തെല്ലാമായിരുന്നു ?

# കേരള നിയമസഭ
## 06.02.2014-ലെ മറുപടിക്ക്

'വായ്പ മാഫിയ'ക്കെതിരെ സമഗ്ര അന്വേഷണം

4958 ശ്രീ. എസ്. ശര്‍മ്മ

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സര്‍ഫാസി നിയമപ്രകാരം (സെക്യൂരിറ്റൈസേഷന്‍ ആന്റ് റീ കണ്‍സ്ട്രക്ഷന്‍ ഓഫ് ഫിനാന്‍ഷ്യല്‍ അസെറ്റ്സ് ആന്റ് എന്‍ഫോഴ്സ്മെന്റ് ഓഫ് സെക്യൂരിറ്റി ഇന്ററസ്റ്റ് ആക്റ്റ്) നിര്‍ദ്ധനരായ നിരവധിപേര്‍ക്ക് വായ്പാ കുടിശ്ശിക വരുത്തിയതിന്റെ പേരില്‍ കിടപ്പാടം നഷ്ടപ്പെട്ടതു സംബന്ധിച്ച് പരാതികള്‍ ലഭിച്ചിട്ടുണ്ടോ;

(ബി) പാവപ്പെട്ടവരുടെ ഭൂമി കൈക്കലാക്കി, ഭീമമായ തുകയ്ക്ക് ബാങ്കുകളില്‍ ഈടു നല്‍കിക്കൊണ്ട് പണം തട്ടുന്നവരെക്കുറിച്ച് നല്‍കിയ പരാതിയിന്മേല്‍ സ്വീകരിച്ച നടപടിയെന്തെന്ന് വ്യക്തമാക്കാമോ;

(സി) വായ്പാ തട്ടിപ്പിന് ഇരയായവര്‍ക്ക് കിടപ്പാടം തിരിച്ചു നല്‍കുന്നതിനും കടം എഴുതിതള്ളുന്നതിനും നടപടി സ്വീകരിക്കാമോ;

(ഡി) 'വായ്പ മാഫിയ'ക്കെതിരെ സമഗ്ര അന്വേഷണം നടത്തുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
# 06.02.2014-ലെ മറുപടിക്ക്

<u>സര്‍ക്കാര്‍ കേസുകള്‍ക്ക് കോടതികളില്‍ ഹാജരാകുന്നതിന് ഉദ്യോഗസ്ഥര്‍ക്കുള്ള യാത്രാ ബത്ത</u>

4959 ശ്രീമതി കെ. കെ. ലതിക

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സര്‍ക്കാരിനെതിരായതും സര്‍ക്കാര്‍ കക്ഷിയായതുമായ കേസുകളില്‍ കോടതികളില്‍ ഹാജരാകുന്നതിന് സെക്രട്ടേറിയേറ്റിലെ പൊതുഭരണ വകുപ്പിലെ ഉദ്യോഗസ്ഥര്‍ക്ക് 2012-13 സാമ്പത്തിക വര്‍ഷത്തില്‍ യാത്രാബത്ത, ദിനബത്ത എന്നീ ഇനങ്ങളില്‍ എന്തു തുക നല്‍കി എന്ന് വ്യക്തമാക്കുമോ;

(ബി) പൊതുഭരണ വകുപ്പ് കൈകാര്യം ചെയ്യുന്ന എത്ര കേസുകള്‍ നിലവില്‍ ഹൈക്കോടതിയില്‍ തീര്‍പ്പു കല്‍പ്പിക്കാന്‍ ബാക്കിയുണ്ടെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 06.02.2014-ലെ മറുപടിക്ക്

മുഖ്യമന്ത്രി ചുമതല വഹിക്കുന്ന ഓരോ വകുപ്പിനും വകയിരുത്തപ്പെട്ട തുക

4960 ശ്രീ. പി. കെ. ഗുരുദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രി ചുമതല വഹിക്കുന്ന ഓരോ വകുപ്പിനും 2013-2014 സാമ്പത്തിക വർഷം ബഡ്ജറ്റിൽ വകയിരുത്തപ്പെട്ട തുകയും 2013 ഡിസംബർ 31ന് മുൻപായി ചിലവഴിച്ച തുകയും സംബന്ധിച്ചുള്ള വിശദാംശങ്ങൾ ലഭ്യമാക്കാമോ ;

(ബി) ഓരോ വകുപ്പു മുഖേനയും നടപ്പിലാക്കുന്നതിന് ബഡ്ജറ്റിലൂടെ പ്രഖ്യാപിച്ച പദ്ധതികൾ എന്തെല്ലാമായിരുന്നു; അവയിൽ ഭരണാനുമതി ലഭിച്ചവ ഏതെല്ലാം ; ലഭിക്കാത്തവ ഏതെല്ലാം ; വിശദമാക്കാമോ ;

(സി) പദ്ധതി നിർവ്വഹണം ആരംഭിച്ചിട്ടില്ലാത്തവ ഏതെല്ലാം ?

# കേരള നിയമസഭ
## 06.02.2014-ലെ മറുപടിക്ക്

<u>കാർഷിക വായ്പ</u>

T.4961 ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഏതെല്ലാം ബാങ്കുകളും ഏജൻസികളുമാണ് കാർഷിക വായ്പ അനുവദിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത വായ്പകൾക്ക് നൽകുന്ന ആനുകൂല്യങ്ങൾ എന്തെല്ലാമാണ്;

(സി) കാർഷിക മേഖലയുടെ സർവ്വതോൻമുഖമായ പുരോഗതിക്കുവേണ്ടി കർഷകർക്ക് കുറഞ്ഞ പലിശ നിരക്കിൽ വായ്പ ലഭ്യമാക്കുന്നതിനായി സ്വീകരിച്ച നടപടികളും പദ്ധതികളും വിശദമാക്കുമോ?

# കേരള നിയമസഭ
# 06.02.2014-ലെ മറുപടിക്ക്

<u>മുന്നോക്കജാതി വിദ്യാർത്ഥികളുടെ ഉപരിപഠനത്തിന് സ്കോളർഷിപ്പുകൾ</u>

4962 ശ്രീ. വി. റ്റി. ബൽറാം
,, കെ. അച്ചുതൻ
,, വി. ഡി. സതീശൻ
,, പി. സി. വിഷ്ണുനാഥ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ മുന്നോക്കജാതി വിദ്യാർത്ഥികളുടെ ഉപരിപഠനത്തിന് സ്കോളർഷിപ്പുകൾ നൽകാൻ പദ്ധതി രൂപീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) എന്തെല്ലാം പദ്ധതികളാണ് രൂപീകരിച്ചിട്ടുള്ളത്; വിശദാംശങ്ങൾ വ്യക്തമാക്കാമോ;

(സി) പ്രസ്തുത പദ്ധതികൾക്ക് അനുമതി നൽകിയിട്ടുണ്ടോ; വിശദമാക്കുമോ;

(ഡി) എന്തെല്ലാം ആനുകൂല്യങ്ങളാണ് പ്രസ്തുത പദ്ധതി മുഖേന വിദ്യാർത്ഥികൾക്ക് ലഭിക്കുന്നത്; വിശദാംശം വ്യക്തമാക്കാമോ;

# കേരള നിയമസഭ
## 06.02.2014-ലെ മറുപടിക്ക്

<u>മുന്നോക്ക ജാതി ക്ഷേമ കോർപ്പറേഷൻ</u>

T.4963 ശ്രീ.കെ. സുരേഷ് കുറുപ്പ്
,, കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)
,, കോലിയക്കോട് എൻ.കൃഷ്ണൻ നായർ
,, ബാബു എം. പാലിശ്ശേരി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരള സംസ്ഥാന മുന്നോക്ക ജാതി ക്ഷേമ കോർപ്പറേഷന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കുമോ;

(ബി) പ്രസ്തുത കോർപ്പറേഷൻ ഇതുവരെ നടത്തിയ പ്രവർത്തനങ്ങൾ അവലോകനം ചെയ്തിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കാമോ;

(സി) ഓരോ പദ്ധതിക്കായും കോർപ്പറേഷൻ നൽകിയ തുകയും അതു ചിലവഴിച്ചതിന്റെ വിശദാംശവും ലഭ്യമാക്കാമോ;

(ഡി) കോർപ്പറേഷൻ ചെയർമാന്റെ ശമ്പളത്തിനും യാത്രാപ്പടി ഉൾപ്പെടെ മറ്റ് ആനുകൂല്യങ്ങൾക്കും ചെയർമാന്റെ ഓഫീസ് പ്രവർത്തനത്തിനായും നീക്കിവെച്ചിരിക്കുന്ന തുകയെത്രയെന്നും ചിലവഴിച്ചതെത്രയെന്നും അറിയിക്കാമോ?

# കേരള നിയമസഭ
## 06.02.2014-ലെ മറുപടിക്ക്

<u>മുന്നോക്ക വിഭാഗ ക്ഷേമ കോർപ്പറേഷന്റെ പ്രവർത്തനം</u>

T.4964

ശ്രീ. കോടിയേരി ബാലകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മുന്നോക്ക വിഭാഗ ക്ഷേമ കോർപ്പറേഷന്റെ പ്രവർത്തനം പ്രാവർത്തികമായിട്ടുണ്ടോ;

(ബി) മുന്നോക്ക വിഭാഗ ക്ഷേമ കോർപ്പറേഷന്റെ ചെയർമാൻ, ഡയറക്ടർ പദവികളിൽ ആരെയൊക്കെയാണ് നിയമിച്ചതെന്ന് വെളിപ്പെടുത്താമോ;

(സി) മുന്നോക്ക വിഭാഗ ക്ഷേമ കോർപ്പറേഷന്റെ പ്രവർത്തനങ്ങൾക്കായി അനാവർത്തന, ആവർത്തന ഫണ്ടായി എന്തു തുക ചിലവുവരുമെന്നാണ് കണക്കാക്കിയിട്ടുള്ളതെന്ന് വിശദമാക്കാമോ;

(ഡി) ചെയർമാനും ആഫീസിനും വേണ്ടി നാളിതുവരെ എന്തു തുക ഖജനാവിൽ നിന്നു ചിലവഴിച്ചുവെന്ന് വിശദമാക്കാമോ;

(ഇ) മറ്റു ക്ഷേമ കോർപ്പറേഷനുകളിൽ നിന്ന് വിഭിന്നമായി മുന്നോക്ക ക്ഷേമ കോർപ്പറേഷൻ ചെയർ മാനും, ഡയറക്ടർമാർക്കും എന്തെല്ലാം ആനുകൂല്യങ്ങളാണ് പ്രഖ്യാപിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ;

(എഫ്) പ്രസ്തുത ആനുകൂല്യങ്ങൾ പ്രഖ്യാപിക്കാനിടയായ സാഹചര്യം വിശദമാക്കാമോ?

# കേരള നിയമസഭ
## 06.02.2014-ലെ മറുപടിക്ക്

<u>സംസ്ഥാന മുന്നോക്ക വിഭാഗ ക്ഷേമ കോര്‍പ്പറേഷന്‍
ചെയര്‍മാന്‍ പദവി</u>

T.4965 ശ്രീ. കോടിയേരി ബാലകൃഷ്ണന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാന മുന്നോക്ക വിഭാഗ ക്ഷേമ കോര്‍പ്പറേഷന്‍ 1956 -ലെ കമ്പനീസ് നിയമപ്രകാരം രജിസ്റ്റര്‍ ചെയ്യപ്പെട്ടിട്ടുണ്ടോ;

(ബി) കോര്‍പ്പറേഷന്റെ ചെയര്‍മാനായി സര്‍ക്കാര്‍ നിയോഗിച്ച ആള്‍ക്ക് കമ്പനി നിയമപ്രകാരമുള്ള യോഗ്യതകള്‍ ഉണ്ടോ; വ്യക്തമാക്കാമോ;

(സി) കമ്പനി നിയമത്തിലെ സെക്ഷന്‍ 274(1) (ഡി) പ്രകാരം നിലവിലുള്ള ചെയര്‍മാന്‍, കോര്‍പ്പറേഷന്റെ ഡയറക്ടറോ ചെയര്‍മാനോ ആകുവാനുള്ള യോഗ്യതയുള്ളതായി കരുതുന്നുണ്ടോ;

(ഡി) ഇല്ലെങ്കില്‍ യോഗ്യതയില്ലാത്ത ആളെ ചെയര്‍മാന്‍, ഡയറക്ടര്‍ പദവികളില്‍നിന്നും പിന്‍വലിക്കാന്‍ തയ്യാറാകുമോ?

# കേരള നിയമസഭ
# 06.02.2014-ലെ മറുപടിക്ക്

<u>ചാലക്കുടിപ്പുഴയിലെ ഓക്സ്ബോ തടാക സംരക്ഷണം</u>

4966 ശ്രീ. ബി. ഡി. ദേവസ്സി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ചാലക്കുടിപ്പുഴയുടെ വലതുകരയിൽ വൈന്തല-അമ്പഴക്കാട് പ്രദേശത്ത് സ്ഥിതിചെയ്യുന്ന ''ഓക്സ്ബോ'' പ്രതിഭാസം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത ഓക്സ്ബോ തടാകം സംരക്ഷിക്കുന്നതിനും, സൂക്ഷ്മനിരീക്ഷണവും, സമഗ്രപഠനവും നടത്തുന്നതിനും സർക്കാർ എന്തെല്ലാം നടപടിയാണ് സ്വീകരിച്ചിട്ടുള്ളത് എന്നറിയിക്കുമോ;

(സി) ലിംനോളജിക്കൽ അസ്സോസിയേഷൻ ഓഫ് കേരളയുടെ വെളിപ്പെടുത്തലനുസരിച്ച് ലക്ഷണമൊത്ത ഈ ഓക്സ്ബോ തടാകത്തെ സംരക്ഷിക്കുന്നതിനായി നടപടി സ്വീകരിക്കുമോ?

**കേരള നിയമസഭ**
**06.02.2014-ലെ മറുപടിക്ക്**

<u>വരട്ടാറിന്റെ ശോച്യാവസ്ഥ</u>

4967 ശ്രീ. ചിറ്റയം ഗോപകുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ചെങ്ങന്നൂർ നഗരസഭ, കോയിപ്രം, ഇരവിപേരൂർ, കറ്റൂർ, തിരുവൻവണ്ടൂർ എന്നീ പഞ്ചായത്തുകളിലൂടെ ഒഴുകിയിരുന്ന വരട്ടാറിന്റെ നിലവിലുള്ള ശോച്യാവസ്ഥ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) വളരെയേറെ പാരിസ്ഥിതിക പ്രാധാന്യം ഉള്ള വരട്ടാറിന്റെ നീരൊഴുക്ക് പൂർണ്ണമായും പൂർവ്വസ്ഥിതിയിൽ ആക്കുന്നതിന് എന്തെല്ലാം നടപടി ഈ സർക്കാർ സ്വീകരിച്ചിട്ടുണ്ടെന്ന് അറിയിക്കുമോ;

(സി) വരട്ടാറിന്റെ യഥാർത്ഥ വിസ്തൃതി ബോധ്യപ്പെടത്തക്ക നിലയിൽ ബന്ധപ്പെട്ട വിവിധ വകുപ്പുകളെ ഏകോപിപ്പിച്ചുകൊണ്ട് അടിയന്തരമായി ഒരു പ്രത്യേക സർവ്വേ നടത്തുന്നതിന് സമയബന്ധിത തീരുമാനമെടുക്കുമോ;

(ഡി) സർക്കാർ തലത്തിൽ ഈ വിഷയത്തിൻമേൽ ഏതെങ്കിലും തരത്തിലുള്ള ശാസ്ത്രീയ പഠനം നടത്തിയിട്ടുണ്ടോ;

(ഇ) ഇല്ലായെങ്കിൽ അത്തരത്തിലുള്ള ഒരു പഠനത്തിന് അടിയന്തരമായി ക്രമീകരണം നടത്തുമോ;

(എഫ്) പ്രസ്തുത വിഷയത്തിന്റെ പ്രാധാന്യം ബോധ്യപ്പെട്ട് മുഖ്യമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ ബന്ധപ്പെട്ട വകുപ്പുകളെയെല്ലാം ഏകോപിപ്പിക്കുന്നതിനായി ഒരു അടിയന്തര അവലോകനയോഗം നടത്തുമോ; വിശദമാക്കുമോ?

# കേരള നിയമസഭ
# 06.02.2014-ലെ മറുപടിക്ക്

<u>ഡല്‍ഹി കേരള ഹൗസിലെ നിയമനങ്ങള്‍</u>

4968 ശ്രീ. റ്റി. വി. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ഡല്‍ഹി കേരള ഹൗസില്‍ എത്ര ജീവനക്കാരുണ്ട്; എത്ര പേര്‍ ഡെപ്യൂട്ടേഷനില്‍ ജോലി ചെയ്യുന്നു; എത്ര താല്‍ക്കാലിക ജീവനക്കാരുണ്ട്; കരാര്‍ അടിസ്ഥാനത്തില്‍ എത്ര പേര്‍ ജോലി ചെയ്യുന്നു; വ്യക്തമാക്കുമോ; വിശദാംശം നല്‍കുമോ;

(ബി) ഡല്‍ഹി കേരള ഹൗസിലെ നിയമനങ്ങള്‍ സുതാര്യവും അഴിമതിരഹിതവുമാക്കുന്നതിന് ഇവിടത്തെ നിയമനങ്ങള്‍ പി.എസ്.സി.ക്ക് വിടുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 06.02.2014-ലെ മറുപടിക്ക്

2013-2014 സാമ്പത്തിക വർഷത്തിൽ സൃഷ്ടിച്ച സൂപ്പർന്യൂമററി തസ്തികകൾ

4969 ശ്രീ. സി. ദിവാകരൻ

താഴെ കാണുന്ന ചോദ്യത്തിന്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

2013-2014 സാമ്പത്തിക വർഷത്തിൽ വിവിധ വകുപ്പുകളിൽ ഏതെല്ലാം തസ്തികകളിൽ എത്ര സൂപ്പർ ന്യൂമററി തസ്തികകളാണ് സൃഷ്ടിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ?

## കേരള നിയമസഭ
## 06.02.2014-ലെ മറുപടിക്ക്

<u>മുഖ്യമന്ത്രിയ്ക്കും, മന്ത്രിമാർക്കും, ചീഫ് വിപ്പിനും വേണ്ടി വാങ്ങിയ വാഹനങ്ങൾ</u>

4970 ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം മുഖ്യമന്ത്രിയ്ക്കും, മന്ത്രിമാർക്കും ചീഫ് വിപ്പിനും വേണ്ടി എത്ര വാഹനങ്ങൾ വാങ്ങിയെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത വാഹനങ്ങൾക്കോരോന്നിനും എന്തു തുക ചിലവഴിച്ചുവെന്നും ഓരോ വാഹനവും ആരൊക്കെയാണ് ഉപയോഗിക്കുന്നതെന്നും വ്യക്തമാക്കാമോ;

(സി) പ്രസ്തുത കാലയളവിൽ മുഖ്യമന്ത്രിയ്ക്കും, മന്ത്രിമാർക്കും ചീഫ് വിപ്പിനും വീടുകൾ വാങ്ങുന്നതിന് വേണ്ടിയോ അവരുടെ വീട് മോടി പിടിപ്പിക്കുന്നതിനുമായോ എന്തു തുക വീതം ചിലവഴിച്ചുവെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
# 06.02.2014-ലെ മറുപടിക്ക്

<u>മന്ത്രിമാരുടെ വിദേശയാത്രകളുടെ വിവരം</u>

4971 ശ്രീ. കോടിയേരി ബാലകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഏതൊക്കെ മന്ത്രിമാർ സംസ്ഥാന സർക്കാരിന്റെയും കേന്ദ്ര സർക്കാരിന്റെയും അനുമതിയില്ലാതെ വിദേശത്ത് പോയി; വെളിപ്പെടുത്താമോ;

(ബി) പി.എം.ഒ യുടെ ക്ലിയറൻസ് ഇല്ലാതെ എത്ര മന്ത്രിമാർ വിദേശ യാത്ര നടത്തിയെന്ന് വെളിപ്പെടുത്താമോ;

(സി) ഓരോ മന്ത്രിമാരുടെയും വിദേശയാത്രകൾ കൊണ്ട് സ്റ്റേറ്റിനുണ്ടായ നേട്ടങ്ങൾ എന്തൊക്കെയെന്ന് വിശദമാക്കാമോ;

(ഡി) പ്രസ്തുത വിദേശയാത്രകളിൽ ഏതൊക്കെ യാത്രകളിൽ ഏതൊക്കെ മന്ത്രിമാർക്കൊപ്പം ഉദ്യോഗസ്ഥവൃന്ദം ഉണ്ടായിരുന്നെന്നും; ഉദ്യോഗസ്ഥർ ആരെല്ലാം; വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 06.02.2014-ലെ മറുപടിക്ക്

<u>മുഖ്യമന്ത്രി, മന്ത്രിമാർ, സർക്കാർ ചീഫ് വിപ്പ് എന്നിവർ കൈപ്പറ്റിയ ശമ്പളം, അലവൻസ്, യാത്രാപ്പടി തുക</u>

4972 ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം ഇതുവരെ മുഖ്യമന്ത്രി, മന്ത്രിമാർ, സർക്കാർ ചീഫ് വിപ്പ് എന്നിവർ കൈപ്പറ്റിയ ശമ്പളം, അലവൻസ്, യാത്രാപ്പടി തുക ഇവ എത്രയെന്ന് ഓരോരുത്തരുടേയും വിശദാംശം ലഭ്യമാക്കാമോ;

(ബി) വൈദ്യുതി ചാർജ്, അതിഥി സൽക്കാരം എന്നിവയ്ക്കായി ഓരോരുത്തരും ചിലവഴിച്ച തുകയുടെ വിശദാംശം പ്രത്യേകം ലഭ്യമാക്കാമോ;

(സി) പ്രസ്തുത കാലയളവിൽ ഇവരുടെ മൊബൈൽ ഫോൺ ചാർജ്, ഓഫീസ്, ഔദ്യോഗിക വസതി എന്നിവിടങ്ങളിലെ ടെലഫോൺ ചാർജ് എന്നിവയ്ക്കായി ചിലവഴിക്കപ്പെട്ട തുക എത്രയെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 06.02.2014-ലെ മറുപടിക്ക്

മുഖ്യമന്ത്രി, മന്ത്രിമാർ, സർക്കാർ ചീഫ് വിപ്പ് എന്നിവർക്ക് ലഭ്യമാക്കിയിട്ടുള്ള സൗകര്യങ്ങൾ

4973 ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രി, മന്ത്രിമാർ, സർക്കാർ ചീഫ് വിപ്പ് എന്നിവർക്ക് വീട്, വാഹനം, ഓഫീസ്, ടി.എ, ഡി.എ, ശമ്പളം, പേഴ്സണൽ സ്റ്റാഫ് തുടങ്ങി എന്തെല്ലാം സൗകര്യങ്ങൾ ലഭ്യമാക്കിയിട്ടുണ്ട്;

(ബി) പേഴ്സണൽ സ്റ്റാഫ് അംഗങ്ങളുടെ ചെലവ് ഉൾപ്പെടെ നൽകിയ എല്ലാ സൗകര്യങ്ങൾക്കുമായി ഓരോ മന്ത്രിയ്ക്കും, ഗവൺമെന്റ് ചീഫ് വിപ്പിനും ഖജനാവിൽ നിന്ന് 2012-13 സാമ്പത്തിക വർഷം എന്ത് തുക വീതം മൊത്തം ചിലവഴിക്കുകയുണ്ടായി;

(സി) 2013-14 സാമ്പത്തിക വർഷത്തിൽ പ്രസ്തുത ഇനങ്ങളിൽ ഇതുവരെ എന്തു തുക ചിലവഴിച്ചു എന്ന് വിശദമാക്കാമോ?

# കേരള നിയമസഭ
## 06.02.2014-ലെ മറുപടിക്ക്

ഭരണഭാഷ മലയാളമാക്കി മാറ്റിയതിനുശേഷം വകുപ്പുകൾ സ്വീകരിച്ച നടപടികൾ

4974 ശ്രീമതി കെ. എസ്. സലീഖ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഭരണഭാഷ മലയാളമാക്കി മാറ്റിയശേഷം സംസ്ഥാനത്ത് നിലവിലുള്ള ഏതെല്ലാം നിയമങ്ങളാണ് മലയാളത്തിലാക്കി പ്രസിദ്ധീകരിച്ചത് എന്നും ഇനിയും ഏതെല്ലാം നിയമങ്ങൾ മലയാള ഭാഷയിലാക്കി പ്രസിദ്ധീകരിക്കുവാനുണ്ട് എന്നും വ്യക്തമാക്കുമോ ;

(ബി) ഇതിനായി ഓരോ വകുപ്പും സ്വീകരിച്ച നടപടി വകുപ്പ് തിരിച്ച് വ്യക്തമാക്കുമോ ;

(സി) നിലവിൽ ഇപ്പോഴും പല വകുപ്പുകളിലും ആംഗലഭാഷ ഉപയോഗിക്കുന്നത് പരിശോധിച്ചിട്ടുണ്ടോ ; എങ്കിൽ ഇത് തടയുവാൻ എന്തു നടപടി സ്വീകരിച്ചു ; വ്യക്തമാക്കുമോ ;

(ഡി) പൊതുമേഖലാ സ്ഥാപനങ്ങൾ, അർദ്ധ സർക്കാർ സ്ഥാപനങ്ങൾ, കോടതി നടപടിക്രമങ്ങൾ എന്നിവയിൽ നിലവിൽ ഔദ്യോഗികഭാഷ മലയാളമാക്കുന്നതിന് വേണ്ട നടപടി സ്വീകരിക്കാത്തത് പരിശോധിച്ചിട്ടുണ്ടോ ; എങ്കിൽ ഇത് പരിഹരിക്കാൻ എന്തു നടപടി സ്വീകരിക്കും ; വ്യക്തമാക്കുമോ ;

(ഇ) ഔദ്യോഗിക ഭാഷ മലയാളമാക്കുന്നതിൽ വീഴ്ച വരുത്തി എന്ന് കണ്ടെത്തിയ ഉദ്യോഗസ്ഥർ/അധികാരികൾ ആരെല്ലാം ; ഇവർക്കെതിരെ എന്തു നടപടി സ്വീകരിച്ചു ; വിശദമാക്കുമോ ?

# കേരള നിയമസഭ
# 06.02.2014-ലെ മറുപടിക്ക്

<u>സർക്കാർ ഉത്തരവുകൾ</u>
<u>മലയാള ഭാഷയിലാക്കുന്നതിനുള്ള നടപടികൾ</u>

4975 ശ്രീമതി ഗീതാ ഗോപി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഭരണഭാഷ മാതൃഭാഷയാക്കുന്നതിന്റെ നടപടികൾ സംബന്ധിച്ച പുരോഗതി എന്തൊക്കെയാണെന്ന് അറിയിക്കുമോ;

(ബി) സർക്കാർ ഉത്തരവുകൾ പൂർണ്ണതോതിൽ മലയാളമാക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; എന്തെല്ലാം നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് അറിയിക്കുമോ?

# കേരള നിയമസഭ
# 06.02.2014-ലെ മറുപടിക്ക്

<u>ക്യാബിനറ്റ് പരിഗണനയ്ക്കായി അജണ്ടയിൽ ഉൾപ്പെടുത്തി വന്ന കുറിപ്പുകൾ</u>

4976 ശ്രീ. കെ. കെ. നാരായണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം നാളിതുവരെ ക്യാബിനറ്റ് പരിഗണനയ്ക്കായി അജണ്ടയിൽ ഉൾപ്പെടുത്തി വന്ന കുറിപ്പുകൾ എത്രയാണെന്ന് വ്യക്തമാക്കാമോ; 'ഔട്ട് ഓഫ് അജണ്ടയിൽ' പരിഗണനയ്ക്കുവന്ന കുറിപ്പുകൾ എത്ര; വ്യക്തമാക്കാമോ;

(ബി) ഇവയിൽ ഓരോ ഇനത്തിലും എത്ര കുറിപ്പുകൾ വീതം തീരുമാനം എടുക്കാതെ മാറ്റിവെയ്ക്കപ്പെട്ടിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ; തീരുമാനം കൈക്കൊണ്ട ഇനങ്ങൾ എത്രയാണ്;

(സി) ക്യാബിനറ്റ് തീരുമാനം എടുത്ത എത്ര കേസ്സുകളിൽ അത് പിന്നീട് ക്യാൻസൽ ചെയ്യേണ്ടതായി വന്നിട്ടുണ്ട്;

(ഡി) ക്യാബിനറ്റ് തീരുമാനം സർക്കാർ ഉത്തരവായി പുറപ്പെടുവിച്ചിട്ടില്ലാത്തവ എത്ര; അവ ഏതൊക്കെ കാര്യങ്ങളുമായി ബന്ധപ്പെട്ടവയാണെന്ന് വ്യക്തമാക്കാമോ;

(ഇ) മന്ത്രിസഭാംഗങ്ങളിൽ ഓരോരുത്തരും 'ഔട്ട് ഓഫ് അജണ്ട'യായി ക്യാബിനറ്റിൽ കൊണ്ടുവന്ന നിർദ്ദേശങ്ങൾ എത്ര വീതമാണ്; വിശദമാക്കാമോ?

# കേരള നിയമസഭ
# 06.02.2014-ലെ മറുപടിക്ക്

<u>കാസർഗോഡ് പാസ്‌പോർട്ട് സേവാകേന്ദ്രം</u>

4977 ശ്രീ. എൻ. എ. നെല്ലിക്കുന്ന്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പാസ്‌പോർട്ട് സേവാകേന്ദ്രങ്ങൾ പ്രവർത്തിക്കുന്നതായി അറിയാമോ; എങ്കിൽ വിശദമാക്കുമോ;

(ബി) പാസ്‌പോർട്ട് സേവാകേന്ദ്രങ്ങളില്ലാത്ത ജില്ലകളിലെ പ്രവാസികളുൾപ്പെടെയുള്ളവരുടെ പ്രയാസങ്ങൾ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(സി) കാസർഗോഡ് പാസ്‌പോർട്ട് സേവാകേന്ദ്രം അനുവദിക്കുന്നതിന് കേന്ദ്ര സർക്കാരിൽ സമ്മർദ്ദം ചെലുത്തുമോ?

**കേരള നിയമസഭ**
**06.02.2014-ലെ മറുപടിക്ക്**

<u>പാസ്പോർട്ട് സേവാകേന്ദ്രങ്ങൾ</u>

4978 ശ്രീ. ഇ. ചന്ദ്രശേഖരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്ത് എവിടെയെങ്കിലും പാസ്പോർട്ട് സേവാ കേന്ദ്രങ്ങൾ ലഭിച്ചിട്ടുണ്ടോ; എങ്കിൽ, എവിടെയൊക്കെ യാണെന്ന് അറിയാമോ;

(ബി) കാസർഗോഡ് ജില്ലയിൽ പാസ്പോർട്ട് സേവാകേന്ദ്രം അനുവദിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(സി) എങ്കിൽ പാസ്പോർട്ട് സേവാകേന്ദ്രം കാഞ്ഞങ്ങാട് അനുവദിക്കാൻ കേന്ദ്രത്തിൽ സമ്മർദ്ദം ചെലുത്തുമോ?

# കേരള നിയമസഭ
## 06.02.2014-ലെ മറുപടിക്ക്

ബോർഡുകളും കോർപ്പറേഷനുകളും ട്രസ്റ്റുകളും സർക്കാർ കമ്പനികളും

4979

ശ്രീ. കെ. ദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം സംസ്ഥാനത്ത് പുതുതായി രൂപീകരിച്ച ബോർഡുകളുടെയും കോർപ്പറേഷനുകളുടെയും ട്രസ്റ്റുകളുടെയും സർക്കാർ കമ്പനികളുടെയും ലിസ്റ്റുകൾ ലഭ്യമാക്കാമോ;

(ബി) ഇവയുടെ തലപ്പത്ത് നിയോഗിക്കപ്പെട്ടവർ ആരൊക്കെയാണ്; ഏതെല്ലാം സ്ഥാപനങ്ങൾക്ക് ഓഫീസ്, വാഹനം, സ്റ്റാഫ് തുടങ്ങി എന്തെല്ലാം സൗകര്യങ്ങൾ ലഭ്യമാക്കിയിട്ടുണ്ട്;

(സി) റിട്ടയർ ചെയ്ത ഐ.എ.എസ്., ഐ.പി.എസ്. ഉദ്യോഗസ്ഥരെയും ജഡ്ജിമാരെയും ഈ സ്ഥാപനങ്ങളിൽ എവിടെയെങ്കിലും നിയോഗിച്ചിട്ടുണ്ടോ; എങ്കിൽ ഏതെല്ലാം സ്ഥാപനങ്ങളിൽ ആരെയൊക്കെയെന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
## 06.02.2014-ലെ മറുപടിക്ക്

<u>ക്ഷേമനിധി ബോർഡുകളിലെ നിയമനം</u>

4980

ഡോ. കെ. ടി. ജലീൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സർക്കാർ വകുപ്പുകളിൽ നിന്നും വിവിധ ക്ഷേമനിധി ബോർഡുകളിലേയ്ക്ക് ഡെപ്യൂട്ടേഷൻ പോവുകയും പ്രസ്തുത കാലയളവ് കഴിഞ്ഞിട്ടും എക്സ്റ്റെഷൻ ലഭിക്കാതെ തന്നെ ക്ഷേമനിധി ബോർഡുകളിൽ തുടരുകയും ചെയ്യുന്നവർ എത്ര പേരെന്ന് പരിശോധിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ പരിശോധിച്ച് വേണ്ട നടപടി സ്വീകരിക്കുമോ;

(ബി) ഇതുസംബന്ധിച്ച് 22.01.2013 - ൽ ഇറങ്ങിയ ജി.ഒ.(പി)45/2013എഫ്(എസ്.ആർ.ഒ.നം71/13)ൽ എന്തെല്ലാം കാര്യങ്ങൾ വ്യക്തമാക്കിയിട്ടുണ്ട്; ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(സി) വിവിധ ക്ഷേമനിധി ബോർഡുകളിലായി സർക്കാരിന്റെ മുൻകൂർ അനുമതിയില്ലാതെ എത്ര പേർക്ക് വിവിധ തസ്തികകളിലായി ദിവസക്കൂലിയിനത്തിൽ നിയമനം നൽകിയിട്ടുണ്ട്; അവരുടെ പേരും തസ്തികയും വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 06.02.2014-ലെ മറുപടിക്ക്

എം.എൽ.എ.മാരുടെ പി.എ.മാർ നേരിടുന്ന പ്രയാസങ്ങൾ

4981

ശ്രീ. പി. കെ. ബഷീർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വിവിധങ്ങളായ സർക്കാർ ഓഫീസുകളിൽ പ്രത്യേകിച്ച് സെക്രട്ടേറിയറ്റിലെ ധനകാര്യ വകുപ്പിൽ മണ്ഡലത്തിലെ വിവിധ പ്രവൃത്തികൾ, എം.എൽ.എ. ഏല്പിക്കുന്ന മറ്റ് കാര്യങ്ങൾ എന്നിവയുടെ അന്വേഷണത്തിനും മറ്റുമായി എത്തുന്ന പി.എ.മാർക്ക് ചില ഉദ്യോഗസ്ഥരിൽ നിന്നും നിരുത്തരവാദിത്വപരമായ സമീപനം നേരിടേണ്ടിവരുന്നതും മണ്ഡല സംബന്ധമായ ഫയലുകളിലെ വിശദാംശം ആരായുമ്പോൾ ധനകാര്യ വകുപ്പിലെ പല ഉന്നത ഉദ്യോഗസ്ഥരും മോശമായി പെരുമാറുന്നതും മറുപടി നൽകാത്തതും ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) ഇതു സംബന്ധമായി ഇറക്കിയ 441/എ2/13 തീയതി 18.02.2013 സർക്കുലറിലെ നിർദ്ദേശങ്ങൾ പാലിക്കപ്പെടുന്നില്ല എന്നതിനാൽ വീഴ്ച വരുത്തുന്ന ഉദ്യോഗസ്ഥർക്കെതിരെ എന്തു തുടർനടപടിയാണ് സ്വീകരിക്കുന്നത്; ആയതിന്റെ നടപടിക്രമം എന്തെല്ലാമാണ്; വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 06.02.2014-ലെ മറുപടിക്ക്

<u>സേവനാവകാശ നിയമം നടപ്പാക്കുന്നതിന് ചട്ടങ്ങൾ</u>

4982 ശ്രീ. എ. കെ. ബാലൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സേവനാവകാശ നിയമം നടപ്പാക്കുന്നതിന് ചട്ടങ്ങൾ രൂപീകരിച്ചിട്ടുണ്ടോ; എന്നുമുതലാണ് നിയമങ്ങളും ചട്ടങ്ങളും പ്രാബല്യത്തിൽ വന്നത്;

(ബി) സേവനാവകാശ നിയമം ഏതെല്ലാം വകുപ്പുകളിലാണ് നടപ്പാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത വകുപ്പുകളിൽ ജനങ്ങൾക്ക് ലഭിക്കുന്ന സേവനങ്ങളും ആയതിന് നിശ്ചയിച്ചിട്ടുള്ള സമയക്രമവും നിശ്ചയിച്ച് വിഞ്ജാപനം ചെയ്തിട്ടുണ്ടോ; എങ്കിൽ ആയതിന്റെ വിശദാംശങ്ങൾ വ്യക്തമാക്കാമോ;

(ഡി) പ്രസ്തുത വകുപ്പുകളിൽ യഥാസമയം സേവനം ലഭിക്കാത്തത് സംബന്ധിച്ച് എത്ര പരാതികളാണ് ലഭിച്ചിട്ടുള്ളത്; ഇതിന്മേൽ എന്തെല്ലാം നടപടിയാണ് സ്വീകരിച്ചത്; വ്യക്തമാക്കാമോ?

# കേരള നിയമസഭ
# 06.02.2014-ലെ മറുപടിക്ക്

<u>സർദാർ വല്ലഭ്ഭായ് പട്ടേലിന്റെ പ്രതിമാ സ്ഥാപനം</u>

4983

ശ്രീ. കെ. സുരേഷ് കുറുപ്പ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സർദാർ വല്ലഭ്ഭായ് പട്ടേലിന്റെ പ്രതിമാ സ്ഥാപനത്തിന് മുന്നോടിയായി ബി.ജെ.പി. സംഘടിപ്പിച്ച കൂട്ടയോട്ടത്തിന്റെ പ്രചാരണവുമായി സംസ്ഥാനത്തെത്തിയ ഗുജറാത്ത് കൃഷി വകുപ്പ് മന്ത്രി ശ്രീ. ബാബുഭായ് ബുക്കരിയ, പരിപാടിക്ക് സഹായം അഭ്യർത്ഥിച്ച് ബഹു. മുഖ്യമന്ത്രിയെ നേരിൽ കാണുകയുണ്ടായോ; മുൻകൂട്ടി നിശ്ചയിച്ച സ്ഥലത്തും സമയത്തും ആണോ കൂടിക്കാഴ്ച നടത്തിയത്;

(ബി) ഇവർ കേരളത്തിൽ നിന്നും പ്രതിമാ നിർമ്മാണത്തിന് മണ്ണ് ശേഖരിക്കുകയുണ്ടായോ;

(സി) മുഖ്യമന്ത്രിയെ സന്ദർശിച്ച വേളയിൽ ആരെല്ലാം ഉണ്ടായിരുന്നു; പ്രതിമാ നിർമ്മാണത്തിന് മുഖ്യമന്ത്രി പിന്തുണ നൽകുകയുണ്ടായോ;

(ഡി) ഇതേത്തുടർന്ന് മാസ്ക്കറ്റ് ഹോട്ടലിൽ നടന്ന വിരുന്നു സൽക്കാരത്തിന് ആഭ്യന്തര മന്ത്രിയോടൊപ്പം സംസ്ഥാനത്തു നിന്ന് ആരെല്ലാം ഉണ്ടായിരുന്നു; വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 06.02.2014-ലെ മറുപടിക്ക്

<u>പണിമുടക്കിൽ പങ്കെടുത്ത ജീവനക്കാരുടെ വിവരം</u>

4984 ശ്രീമതി കെ. എസ്. സലീഖ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2013 ജനുവരി മാസം 8-ാം തീയതി മുതൽ സംസ്ഥാന സർക്കാർ ജീവനക്കാരും അദ്ധ്യാപകരും നടത്തിയ പണിമുടക്ക് ഏതെങ്കിലും രാഷ്ട്രീയ കക്ഷികളോ പോഷക സംഘടനകളോ നടത്തിയതാണോ; എങ്കിൽ ഏതൊക്കെ രാഷ്ട്രീയ പാർട്ടികളും പോഷകസംഘടന കളും എന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പണിമുടക്ക് ആഹ്വാനം ചെയ്തതും നയിച്ചതും ഇടതുപക്ഷ ജനാധിപത്യമുന്നണിയാണോ; എങ്കിൽ ഇടതുപക്ഷ ജനാധിപത്യമുന്നണി പണിമുടക്കു നോട്ടീസ് നല്കിയിരുന്നോ;

(സി) സെഷൻസ് കോടതിയിലോ അതിന്റെ പദവിയിൽ താഴെയോ ഉള്ള വിചാരണ കോടതിയുടെ പരിഗണന യിലായിരിക്കുന്നതും, എന്നാൽ കൊലപാതകം തുടങ്ങിയ കേസുകളിൽ ഉൾപ്പെടാത്തതും ശിക്ഷിക്കപ്പെ ട്ടിട്ടില്ലാത്തതുമായ കേസുകളിൽ പ്രതിചേർക്കപ്പെട്ട ഉദ്യോഗസ്ഥരുടെ പ്രമോഷൻ, പ്രമോഷനാകേണ്ട ഉദ്യോഗസ്ഥരുടെ സെലക്ട് ലിസ്റ്റിൽ ഉൾപ്പെടുത്താതിരി ക്കാൻ ഡിപ്പാർട്ടുമെന്റൽ പ്രമോഷൻ കമ്മിറ്റി (ലോവർ) ക്ക് തടയുവാൻ വ്യവസ്ഥയുണ്ടോ;

(ഡി) എങ്കിൽ ഏതു വ്യവസ്ഥ പ്രകാരമെന്ന് അറിയിക്കാമോ?

# കേരള നിയമസഭ
## 06.02.2014-ലെ മറുപടിക്ക്

<u>വിവരാവകാശ കമ്മീഷൻ രൂപീകരണം</u>

4985 ശ്രീ. പി.റ്റി.എ റഹീം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വിവരാവകാശ കമ്മീഷൻ രൂപീകരിച്ചത് എന്നാണെന്ന് വ്യക്തമാക്കാമോ;

(ബി) കമ്മീഷൻ നിയമമനുസരിച്ച് റിപ്പോർട്ട് നിയമസഭയിൽ വെയ്ക്കുന്നതിന് വ്യവസ്ഥയുണ്ടോ; എങ്കിൽ എത്ര വർഷത്തെ റിപ്പോർട്ടുകൾ വയ്ക്കാനായി ഇനിയും ബാക്കിയുണ്ടെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 06.02.2014-ലെ മറുപടിക്ക്

<u>ചികിത്സാവീഴ്ച ഉണ്ടായതിനുള്ള നഷ്ടപരിഹാരം</u>

4986 ശ്രീ. സി. ദിവാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കരുനാഗപ്പള്ളി താലൂക്കാശുപത്രിയിൽ അമർ വിനായക് എന്ന കുട്ടിയുടെ മോതിര വിരൽ ചികിത്സാ വീഴ്ചയുടെ ഫലമായി മുറിച്ചു മാറ്റപ്പെട്ടത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ ;

(ബി) വിരൽ നഷ്ടപ്പെട്ട അമർ വിനായക്-ന് മതിയായ സാമ്പത്തിക സഹായം നൽകുവാൻ മുഖ്യമന്ത്രി തയ്യാറാകുമോ ?

# കേരള നിയമസഭ
## 06.02.2014-ലെ മറുപടിക്ക്

<u>ആശ്രിത നിയമനം</u>

4987 ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽവന്നശേഷം നടത്തിയ ആശ്രിത നിയമനം ജില്ലതിരിച്ച് എണ്ണം സഹിതം വിശദമാക്കുമോ;

(ബി) ആശ്രിതനിയമനത്തിന് എത്ര അപേക്ഷകൾ ഇപ്പോൾ നിലവിലുണ്ടെന്നും ഇവർക്ക് എന്ന് നിയമനം നൽകാനാകുമെന്നും അറിയിക്കുമോ?

# കേരള നിയമസഭ
## 06.02.2014-ലെ മറുപടിക്ക്

<u>ആശ്രിത നിയമനം</u>

4988 ശ്രീ. പി. കെ. ബഷീർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആശ്രിത നിയമനം നൽകുന്നതിനുള്ള നടപടി ക്രമങ്ങളും മാനദണ്ഡങ്ങളും എന്തെല്ലാമാണെന്ന് വിശദമാക്കുമോ;

(ബി) ഒരു ഉദ്യോഗസ്ഥൻ/ഉദ്യോഗസ്ഥ മരണപ്പെട്ടാൽ ആ വകുപ്പിൽ തന്നെയാണോ ആശ്രിത നിയമനത്തിന് അർഹതയുള്ളത് എന്ന് വ്യക്തമാക്കുമോ;

(സി) ആശ്രിത നിയമനം ലഭിക്കുന്നതിനായി ഇനിയും എത്ര അപേക്ഷകൾ നിലവിലുണ്ട്;

(ഡി) ആശ്രിത നിയമനം ലഭിക്കുന്നതിനുള്ള നിലവിലെ പട്ടികയിൽ മലപ്പുറം ജില്ലയിലെ വിദ്യാഭ്യാസ വകുപ്പിലുണ്ടായിരുന്ന ജീവനക്കാരന്റെ ആശ്രിതനായ ശ്രീ. നൈസാം. കെ. ഇനിയും എത്രാമത്തെ ആളാണ്, ടിയാന് എപ്പോൾ നിയമനം ലഭിക്കുമെന്നും, നാളിതുവരെ എത്രയാൾക്ക് പ്രസ്തുത പട്ടികയിൽ നിന്നും നിയമനം നൽകിയെന്നും പട്ടിക സഹിതം വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 06.02.2014-ലെ മറുപടിക്ക്

ഐ.എ.എസ്, ഐ.പി.എസ് ഉദ്യോഗസ്ഥർക്ക് മേലുളള നിയന്ത്രണം

4989 ശ്രീ. ആർ. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഐ.എ.എസ്, ഐ.പി.എസ് ഉദ്യോഗസ്ഥർക്ക് മേലുളള സംസ്ഥാന സർക്കാരിന്റെ നിയന്ത്രണം എന്തെല്ലാം നിയമ വ്യവസ്ഥകൾ പ്രകാരമാണെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത ഉദ്യോഗസ്ഥരുടെ സർവ്വീസ് ചട്ടങ്ങളിൽ എന്തെങ്കിലും മാറ്റം വരുത്താൻ കേന്ദ്ര സർക്കാർ ഉദ്ദേശി ക്കുന്നതായി അറിയാമോ; അതിന് വേണ്ടി സംസ്ഥാനത്ത് നിന്നുളള ഉദ്യോഗസ്ഥരുടെ സംഘടനകൾ ആവശ്യം ഉന്നയിച്ചിട്ടുളളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആവശ്യങ്ങൾ എന്തെല്ലാമാണെന്നും അതിനോടുളള സംസ്ഥാന സർക്കാരിന്റെ നിലപാട് എന്താണെന്നും വിശ ദമാക്കുമോ;

(സി) ഐ.എ.എസ്, ഐ.പി.എസ് ഉദ്യോഗസ്ഥന്മാരുടെ സംഘടനകൾ സംസ്ഥാന സർക്കാരിന്റെ മുമ്പാകെ ഏതെല്ലാം നിലയിലുളള ആവശ്യങ്ങൾ ഉന്നയിച്ചിട്ടുണ്ട്; പ്രസ്തുത കാര്യങ്ങളിൽ നിലപാട് വിശദമാക്കാമോ?

# കേരള നിയമസഭ
# 06.02.2014-ലെ മറുപടിക്ക്

<u>ഡെപ്യൂട്ടേഷനിലുള്ള ഐ.എ.എസ്., ഐ.പി.എസ്. ഉദ്യോഗസ്ഥർ</u>

4990

ശ്രീ. സാജു പോൾ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന കേഡറിൽപ്പെട്ട ഐ.എ.എസ്., ഐ.പി.എസ്. കാരിൽ എത്ര പേർ വീതം സംസ്ഥാനത്തിന് പുറത്ത് ഡെപ്യൂട്ടേഷനിൽ ജോലി നോക്കുന്നുണ്ടെന്നും അവർ ഓരോരുത്തരും ആരൊക്കെയാണെന്നും ഏതെല്ലാം സ്ഥാപനങ്ങളിലാണ് ഡെപ്യൂട്ടേഷനിൽ ജോലി നോക്കി വരുന്നതെന്നും വ്യക്തമാക്കാമോ;

(ബി) സംസ്ഥാനത്ത് ഐ.എ.എസ്., ഐ.പി.എസ്. കേഡറിലുള്ള എത്ര പേർ സർക്കാരിന്റേതല്ലാത്ത സ്ഥാപനങ്ങളിൽ ഡെപ്യൂട്ടേഷനിലോ ലീവെടുത്തോ ജോലി നോക്കിവരുന്നുണ്ടെന്ന് വിശദമാക്കാമോ?

# കേരള നിയമസഭ
## 06.02.2014-ലെ മറുപടിക്ക്

റിട്ടയർ ചെയ്ത ഹൈക്കോടതി ജഡ്ജിമാർ
ഐ.എ.എസ്, ഐ.പി.എസ് ഉദ്യോഗസ്ഥൻമാർ

4991 ശ്രീ. കെ.വി. അബ്ദുൾ ഖാദർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ റിട്ടയർ ചെയ്ത ഹൈക്കോടതി ജഡ്ജിമാർ, ഐ.എ.എസ്, ഐ.പി.എസ് ഉദ്യോഗസ്ഥൻമാർ, എത്രയുണ്ടെന്ന് വ്യക്തമാക്കാമോ; ഇവർക്കായി പ്രതിവർഷം എന്തു തുക പെൻഷനുൾപ്പെടെയുള്ള ആനുകൂല്യങ്ങൾക്കായി ചെലവിടുന്നുണ്ട്;

(ബി) ഇവരിൽ എത്ര പേർ ഇപ്പോൾ സംസ്ഥാനത്ത് ഏതെങ്കിലും നിലയിൽ സർക്കാരിനു വേണ്ടി സേവനം നടത്തിവരുന്നുണ്ട്?

# കേരള നിയമസഭ
# 06.02.2014-ലെ മറുപടിക്ക്

<u>സിവിൽ - ക്രിമിനൽ കോടതികളുടെ സംയോജനം - ജീവനക്കാരുടെ പ്രൊമോഷൻ റേഷ്യോയിലെ അപാകത</u>

4992 ശ്രീ. എ. കെ. ബാലൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സിവിൽ-ക്രിമനൽ കോടതികളുടെ സംയോജനത്തെ തുടർന്ന് കോടതി ജീവനക്കാരുടെ പ്രൊമോഷനുകളിൽ അപാകത ഉളളതായ പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ജീവനക്കാരുടെ പ്രൊമോഷന് 1:1 എന്ന റേഷ്യോ നിശ്ചയിച്ചിട്ടുണ്ടോ; എങ്കിൽ ക്രിമിനൽ കോടതിയിലേതിനെക്കാൾ ജീവനക്കാർ സിവിൽ കോടതിയിലുളളതിനാൽ സിവിൽ കോടതി ജീവനക്കാർ പിന്തളളപ്പെടുന്ന സാഹചര്യം ഉണ്ടാകുമോ; ആയതിനാൽ ഈ റേഷ്യോയിൽ മാറ്റം വരുത്താൻ നടപടി സ്വീകരിക്കുമോ;

(സി) മുൻസിഫ്/മജിസ്ട്രേറ്റുമാരുടെ പ്രൊമോഷനുളള റേഷ്യോ 3:1 ആയി നിശ്ചയിച്ചിട്ടുണ്ടോ;

(ഡി) എന്തുകൊണ്ടാണ് ജീവനക്കാർക്കും, മുൻസിഫ് മജിസ്ട്രേറ്റ്മാർക്കും ഇപ്രകാരം രണ്ടുതരത്തിൽ പ്രൊമോഷൻ റേഷ്യോ നിശ്ചയിച്ചിട്ടുളളത്; ഈ അപാകത പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ;

(ഇ) സിവിൽ-ക്രിമിനൽ കോടതി സംയോജനത്തെത്തുടർന്ന് ജീവനക്കാരുടെ പ്രശ്നങ്ങൾ ചർച്ചചെയ്യാൻ സർവ്വീസ് സംഘടനകളുടെ യോഗം വിളിച്ചിരുന്നുവോ; ഇല്ലെങ്കിൽ സർവ്വീസ് സംഘടനകളുടെ യോഗം വിളിച്ച് വിഷയം ചർച്ച ചെയ്യാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 06.02.2014-ലെ മറുപടിക്ക്

<u>കാസർഗോഡ് കുടുംബകോടതി കെട്ടിട നിർമ്മാണം</u>

T.4993 ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ കുടുംബകോടതി എവിടെയാണ് പ്രവർത്തിക്കുന്നത്;

(ബി) കുടുംബകോടതിക്ക് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിന് എത്ര തുകയുടെ എസ്റ്റിമേറ്റാണ് തയ്യാറാക്കി നൽകിയിട്ടുള്ളത്; വിശദാംശങ്ങൾ അറിയിക്കാമോ;

(സി) ഈ പ്രവൃത്തിക്ക് ഭരണാനുമതി നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ പ്രസ്തുത പ്രവൃത്തിയുടെ നിലവിലെ സ്ഥിതി എന്താണെന്ന് വിശദമാക്കാമോ?

# കേരള നിയമസഭ
## 06.02.2014-ലെ മറുപടിക്ക്

<u>കാഞ്ഞങ്ങാട്ട് കോർട്ട് കോംപ്ലക്സ് സ്ഥാപിക്കുന്നതിനുള്ള നടപടി</u>

T.4994 ശ്രീ. ഇ. ചന്ദ്രശേഖരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കാഞ്ഞങ്ങാട്ട് കോർട്ട് കോംപ്ലക്സ് സ്ഥാപിക്കുന്നതിനുള്ള നിർദ്ദേശം പരിഗണനയിലുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത നിർമ്മാണ നടപടികൾ ഏതുഘട്ടത്തിലാണെന്ന് അറിയിക്കുമോ?

## കേരള നിയമസഭ
## 06.02.2014-ലെ മറുപടിക്ക്

<u>ടെക്നോളജി ഡെവലപ്പ്മെന്റ് അഡാപ്റ്റേഷന്‍ പ്രോഗ്രാം</u>

4995 ശ്രീ. ഐ. സി. ബാലകൃഷ്ണന്‍
'' റ്റി. എന്‍. പ്രതാപന്‍
'' വി. പി. സജീന്ദ്രന്‍
'' പി. എ. മാധവന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാനത്ത് ടെക്നോളജി ഡെവലപ്പ്മെന്റ് അഡാപ്റ്റേഷന്‍ പ്രോഗ്രാം നടപ്പാക്കാനുദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങള്‍ എന്തൊക്കെയാണ്; വിശദാംശങ്ങള്‍ എന്തെല്ലാം;

(സി) ഏതെല്ലാം ഏജന്‍സികളുടെ സഹായത്തോടെയാണ് പ്രസ്തുത പ്രോഗ്രാം നടപ്പിലാക്കുന്നത്; വിശദമാക്കുമോ;

(ഡി) ഏതെല്ലാം മേഖലയിലുള്ളവരാണ് ഈ പ്രോഗ്രാമുമായി സഹകരിക്കുന്നത്?

# കേരള നിയമസഭ
# 06.02.2014-ലെ മറുപടിക്ക്

<u>വേസ്റ്റ് മാനേജ്മെന്റ് പദ്ധതിയുമായി ബന്ധപ്പെട്ട് നടത്തിയ ചർച്ച</u>

4996 ശ്രീ. പുരുഷൻ കടലുണ്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അമേരിക്കൻ സാങ്കേതിക വിദ്യ ഉപയോഗിച്ചുള്ള വേസ്റ്റ് മാനേജ്മെന്റ് പദ്ധതി സംസ്ഥാനത്ത് നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് കവിതാ ജി. പിള്ള മുഖ്യമന്ത്രിയുമായി കൂടിക്കാഴ്ച നടത്തുകയോ പദ്ധതി സംബന്ധിച്ച വിവരങ്ങൾ വിശദീകരിക്കുകയോ ചെയ്തിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) എങ്കിൽ എന്നാണ് പ്രസ്തുത കൂടിക്കാഴ്ച നടന്നതെന്നും എവിടെ വച്ചാണെന്നും ആരെല്ലാം ഈ കൂടിക്കാഴ്ചയിൽ പങ്കെടുത്തെന്നും മുഖ്യമന്ത്രി ഇതിനായി മുൻകൂട്ടി സമയം നിശ്ചയിച്ച് നൽകിയിട്ടുണ്ടായിരുന്നുവോ എന്നും വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 06.02.2014-ലെ മറുപടിക്ക്

<u>തിരുവല്ലയിലെ കാലാവസ്ഥാ നിരീക്ഷണ ഉപകേന്ദ്രം</u>

4997 ശ്രീ. മാത്യു റ്റി. തോമസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തിരുവല്ല കാലാവസ്ഥാ നിരീക്ഷണ ഉപകേന്ദ്രത്തിലെ ഉപകരണങ്ങൾ തുരുമ്പു പിടിച്ച് നശിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത് പ്രവർത്തനക്ഷമമാക്കുവാൻ നടപടി സ്വീകരിക്കുമോ;

(സി) കാലാവസ്ഥാ നിരീക്ഷണ ഉപകേന്ദ്രത്തിലെ മോഷണം പോയ റെയിൻഗേജ് കണ്ടുപിടിക്കുവാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 06.02.2014-ലെ മറുപടിക്ക്

ഭരണ പരിഷ്ക്കരണത്തിന് ശുപാർശ നല്കുവാൻ സമിതി

4998 ശ്രീ. കെ.വി. അബ്ദുൾ ഖാദർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഭരണ പരിഷ്ക്കരണത്തിന് ശുപാർശ നല്കുന്നതിനായി ഏതെങ്കിലും സമിതിയെ നിയോഗിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) സംസ്ഥാനം ഇപ്പോഴും പരിഗണിച്ചു വരുന്ന ഭരണ പരിഷ്ക്കരണത്തിനായുള്ള ശുപാർശകൾ ഏതൊക്കെയാണ്;

(സി) ജനങ്ങളുടെ ആവശ്യങ്ങൾക്കനുസൃതമായി ഭരിക്കുന്നതിന് തടസ്സമായി നില്ക്കുന്നതായി കരുതുന്ന നിയമങ്ങളും ചട്ടങ്ങളും ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ; ഇവ ഓരോന്നിലും കാലോചിതമായി ഭേദഗതി വരുത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനായി സ്വീകരിച്ച നടപടികൾ അറിയിക്കുമോ?

# കേരള നിയമസഭ
# 06.02.2014-ലെ മറുപടിക്ക്

<u>പ്രീ സർവ്വീസ് പരിശീലനം ഇൻ സർവ്വീസായി പരിഗണിക്കുന്നതിന് നടപടി</u>

4999 ശ്രീ. റ്റി. എ. അഹമ്മദ് കബീർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഏതെല്ലാം തസ്തികകളിലാണ് പ്രീ സർവ്വീസ് പരിശീലനമുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) ഇതിൽ ഏതെല്ലാം തസ്തികകളുടെ പ്രീ സർവ്വീസ് പരിശീലനമാണ് സർവ്വീസായി പരിഗണിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(സി) പ്രീ സർവ്വീസ് പരിശീലനം സർവ്വീസായി പരിഗണിക്കാത്ത തസ്തികകളിൽ പ്രീ സർവ്വീസ് പരിശീലനം ഇൻ സർവ്വീസായി പരിഗണിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 06.02.2014-ലെ മറുപടിക്ക്

<u>സിവിൽ സർവ്വീസ് ബോർഡ് രൂപീകരണം</u>

5000 ശ്രീ. എം. ഉമ്മർ
,, കെ. എം. ഷാജി
,, പി. ഉബൈദുള്ള
,, എൻ. ഷംസുദ്ദീൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേന്ദ്രത്തിലും സംസ്ഥാനങ്ങളിലും സിവിൽ സർവ്വീസ് ബോർഡ് രൂപീകരിക്കണമെന്ന സുപ്രീം കോടതി നിർദ്ദേശത്തിന്റെ വിശദാംശങ്ങൾ പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(ബി) പ്രസ്തുത നിർദ്ദേശം നടപ്പാക്കുന്നതുകൊണ്ട് സിവിൽ സർവ്വീസിന്റെ കാര്യക്ഷമമായ പ്രവർത്തനത്തിൽ ഉണ്ടാകുന്ന മാറ്റം, ജനങ്ങൾക്ക് അവരിൽ നിന്നും ലഭിക്കാവുന്ന നീതിയുക്തവും സത്വരവുമായ സേവനങ്ങൾ, ദോഷഫലങ്ങൾ എന്നിവ വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ;

(സി) കോടതി നിർദ്ദേശം നടപ്പാക്കാൻ സ്വീകരിച്ച നടപടി വിശദമാക്കുമോ?

# കേരള നിയമസഭ
# 06.02.2014-ലെ മറുപടിക്ക്

<u>കേരള സിവിൽ സർവ്വീസ് അക്കാദമി</u>

5001 ശ്രീ. എം. പി. വിൻസെന്റ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ ഏതൊക്കെ ജില്ലകളിൽ സിവിൽ സർവ്വീസ് പരീക്ഷ പരിശീലനം സർക്കാർ തലത്തിൽ ഏർപ്പെടുത്തിയിട്ടുണ്ട്;

(ബി) സർക്കാർ സർവ്വീസിലുള്ള ക്ലാസ് 2 ജീവനക്കാർക്ക് പ്രായപരിധിയിൽ ഇളവനുവദിച്ച് സിവിൽ സർവ്വീസ് പരീക്ഷ എഴുതുന്നതിന് അവസരം ഒരുക്കത്തക്കവിധത്തിൽ കേന്ദ്ര സർക്കാരുമായി ചേർന്ന് നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 06.02.2014-ലെ മറുപടിക്ക്

<u>വിശ്വകർമ്മ സമുദായത്തിൽപ്പെട്ടവരുടെ ഉദ്യോഗസംവരണം</u>

5002 ശ്രീ.കെ. രാജു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ വിശ്വകർമ്മ സമുദായത്തിൽപ്പെട്ടവർക്ക് അർഹമായ സംവരണം ലഭിക്കുന്നുണ്ടോ;

(ബി) വിശ്വകർമ്മജരുടെ ജനസംഖ്യ എത്ര ശതമാനമാണെന്ന് വ്യക്തമാക്കുമോ;

(സി) ജനസംഖ്യാനുപാതികമായി ഉദ്യോഗസംവരണം ലഭിച്ചിട്ടില്ല എന്ന വിശ്വകർമ്മ സമുദായ നേതാക്കളുടെ പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ പ്രസ്തുത പരാതി പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

## കേരള നിയമസഭ
## 06.02.2014-ലെ മറുപടിക്ക്

താല്ക്കാലിക ജീവനക്കാരുടെ സ്ഥിര നിയമനം

5003

ശ്രീ. കെ. സുരേഷ് കുറുപ്പ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം 2011-12, 2012-13, 2013-14 ൽ ഇതുവരെ എത്ര താല്ക്കാലിക ജീവനക്കാർക്ക് സർക്കാർ സർവ്വീസിൽ സ്ഥിര നിയമനം നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; ആയതിന്റെ വകുപ്പ് തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ;

(ബി) പ്രസ്തുത കാലയളവുകളിൽ സംസ്ഥാന അഡ്മിനിസ്ട്രേറ്റീവ് സെക്രട്ടേറിയറ്റിൽ എത്ര താല്ക്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്തിയിരുന്നെന്ന് വ്യക്തമാക്കാമോ;

(സി) സർക്കാർ സർവ്വീസിൽ മുൻകാലങ്ങളിൽ സ്ഥിരപ്പെടുത്തിയിരുന്ന എത്ര ജീവനക്കാരുടെ സ്ഥിര നിയമനം ഈ സർക്കാർ ഇതുവരെ റദ്ദ് ചെയ്തുവെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 06.02.2014-ലെ മറുപടിക്ക്

<u>സർക്കാർ സർവ്വീസിലെ താൽക്കാലിക നിയമനങ്ങൾ</u>

5004 ഡോ. കെ. ടി. ജലീൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽവന്നതിനുശേഷം സംസ്ഥാനസർവ്വീസിൽപ്പെട്ട സ്ഥാപനങ്ങളിൽ ദിവസവേതനനിരക്കിൽ എത്രപേരെ എവിടെയെല്ലാം നിയമിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ഇത്തരത്തിലുള്ള നിയമനങ്ങൾ ഒഴിവാക്കുമോ;

(സി) സംസ്ഥാന സർവ്വീസിലാകമാനം താത്ക്കാലിക നിയമനം എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിലെ സീനിയോറിറ്റി ലിസ്റ്റിൽനിന്ന് നിയമാനുസൃതം നടത്തുവാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 06.02.2014-ലെ മറുപടിക്ക്

എം. ജി. പി. യുടെ ഭാഗമായി ജീവനക്കാർക്ക് പരിശീലനം

5005 ശ്രീ. എ. കെ. ബാലൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2002 മുതൽ സംസ്ഥാനത്ത് നടപ്പിലാക്കിയ എം.ജി.പി. പദ്ധതിയുടെ നടപ്പിലാക്കുന്നതിന്റെ ഭാഗമായി എതെല്ലാം വകുപ്പുകളിലെ എത്ര ജീവനക്കാർക്ക് ഐ. എം. ജി. യിൽ പരിശീലനം നൽകിയിട്ടുണ്ട്;

(ബി) എതെല്ലാം മേഖലകളിലാണ് പരിശീലനം നൽകിയത്;

(സി) പ്രസ്തുത പരിശീലന പദ്ധതിക്കായി എത്ര രൂപയാണ് ഐ. എം.ജി. ക്ക് ലഭിച്ചിട്ടുള്ളത്;

(ഡി) 2002 മുതൽ നടപ്പിലാക്കിയ എം.ജി.പി. യുടെ ഭാഗമായി ഏതെല്ലാം വകുപ്പുകളിലെ എത്ര ജീവനക്കാർക്ക് കെൽട്രോണിൽ പരിശീലനം നൽകിയിട്ടുണ്ട്; ഏതെല്ലാം മേഖലകളിലാണ് പരിശീലനം നൽകിയത്;

(ഇ) ഈ പരിശീലന പദ്ധതിക്കായി എന്ത് തുകയാണ് കെൽട്രോണിന് ലഭിച്ചിട്ടുള്ളത്;

(എഫ്) 2002 മുതൽ നടപ്പാക്കിയ എം.ജി.പി. യുടെ ഭാഗമായി എതെല്ലാം വകുപ്പുകളിലെ എത്ര ജീവനക്കാർക്ക് എൻ.ഐ.സി. യിൽ പരിശീലനം നൽകിയിട്ടുണ്ട്; ഏതെല്ലാം മേഖലകളിലാണ് പരിശീലനം നൽകിയത്;

(ജി) ഈ പരിശീനത്തിനായി എന്ത് തുകയാണ് എൻ. ഐ. സി ക്ക് ലഭിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 06.02.2014-ലെ മറുപടിക്ക്

<u>സ്റ്റേറ്റ് സിവിൽ സർവ്വീസ് രൂപീകരണം</u>

5006 ശ്രീ. കെ. വി. വിജയദാസ്

താഴെ കാണുന്ന ചോദ്യത്തിന്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സ്റ്റേറ്റ് സിവിൽ സർവ്വീസ് രൂപീകരികരണവുമായി ബന്ധപ്പെട്ട് ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായ കമ്മിറ്റിയുടെ റിപ്പോർട്ട് ലഭ്യമായിട്ടുണ്ടെങ്കിൽ ആയതിന്മേൽ സ്വീകരിച്ച നടപടികളുടെ വിശദീകരണങ്ങൾ ലഭ്യമാക്കുമോ

# കേരള നിയമസഭ
## 06.02.2014-ലെ മറുപടിക്ക്

<u>സ്റ്റേറ്റ് സിവിൽ സർവ്വീസ് ആരംഭിക്കുന്നതിനുള്ള തടസ്സങ്ങൾ</u>

5007 ശ്രീ.എസ്. ശർമ്മ

താഴെ കാണുന്ന ചോദ്യത്തിന്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

സ്റ്റേറ്റ് സിവിൽ സർവ്വീസ് ആരംഭിക്കുന്നതിന് ഏതെങ്കിലും തരത്തിലുള്ള തടസ്സങ്ങൾ നിലവിലുണ്ടോ; എങ്കിൽ വ്യക്തമാക്കാമോ;

# കേരള നിയമസഭ
# 06.02.2014-ലെ മറുപടിക്ക്

<u>ഉദ്യോഗസ്ഥന്മാരുടെ സ്ഥലമാറ്റത്തിനുള്ള മാനദണ്ഡം</u>

5008 ശ്രീ. പാലോട് രവി
,, ഐ. സി. ബാലകൃഷ്ണൻ
,, വി. പി. സജീന്ദ്രൻ
,, എം. പി. വിൻസെന്റ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പൂർണ്ണമായും സുതാര്യമായ രീതിയിൽ ഉദ്യോഗസ്ഥന്മാരുടെ സ്ഥലംമാറ്റം നടപ്പാക്കാനുള്ള നയത്തിന് രൂപം നൽകാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ;

(ബി) പ്രസ്തുത നയത്തിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദാംശങ്ങൾ വ്യക്തമാക്കാമോ;

(സി) പ്രസ്തുത നയരൂപീകരണത്തിന് മുമ്പ് ബന്ധപ്പെട്ടവരുമായി ചർച്ച ചെയ്യുന്ന കാര്യം പരിഗണിക്കുമോ; വിശദമാക്കുമോ?

# കേരള നിയമസഭ
## 06.02.2014-ലെ മറുപടിക്ക്

<u>ചട്ടം ഭേദഗതി ചെയ്യുന്നതിനുള്ള നടപടിക്രമം</u>

5009 ശ്രീ. എം. ചന്ദ്രൻ
,, ബി. സത്യൻ
,, കെ. കുഞ്ഞമ്മത് മാസ്റ്റർ
,, ജെയിംസ് മാത്യു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിലുള്ള ഒരു ചട്ടം ഭേദഗതി ചെയ്യുന്നതിനുള്ള നടപടിക്രമം എന്താണ്; വിശദമാക്കാമോ;

(ബി) മുഖ്യമന്ത്രിയുടെ ജനസമ്പർക്ക പരിപാടിയിലൂടെ ലഭിച്ച പരാതികളിൽ നിലവിലുള്ള നിയമങ്ങളുടെയും ചട്ടങ്ങളുടെയും അപാകത കൊണ്ട് നടപ്പിലാക്കാൻ കഴിയാത്തവ എന്ന് തിരിച്ചറിഞ്ഞവ എത്രയാണ്; വ്യക്തമാക്കാമോ;

(സി) ഇങ്ങനെ തിരിച്ചറിഞ്ഞവ നടപ്പാക്കുന്നതിന് ഏതെങ്കിലും നിയമത്തിൽ നിയമസഭാ സബ്ജക്ട് കമ്മിറ്റിയുടെ അംഗീകാരത്തോടെ ഭേദഗതി വരുത്തിയിട്ടുണ്ടോ; എങ്കിൽ ഏതൊക്കെ നിയമങ്ങളും ചട്ടങ്ങളും; വിശദമാക്കാമോ;

(ഡി) നിയമങ്ങളും ചട്ടങ്ങളും ഭേദഗതി ചെയ്തതിലൂടെ ജനസമ്പർക്കപരിപാടിയിൽ ലഭിച്ച എത്ര പരാതികൾ പരിഹരിക്കാൻ കഴിഞ്ഞു; വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 06.02.2014-ലെ മറുപടിക്ക്

<u>പി. എസ്. സി. യുടെ കർമ്മശേഷി വർദ്ധിപ്പിക്കുതിനായി നടപടികൾ</u>

5010 ശ്രീ. എം. ഹംസ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന പി. എസ്. സി. യുടെ കർമ്മശേഷി വർദ്ധിപ്പിക്കുന്നതിനായി ഈ സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

(ബി) 01/07/2011 മുതൽ 31/12/2013 വരെയുളള കാലത്ത് പി. എസ്. സി. നിയമനങ്ങളിലെ ക്രമക്കേടുകൾ സംബന്ധിച്ച് എത്ര പരാതികൾ ലഭിച്ചിട്ടുണ്ട്; അത് എന്തെല്ലാമായിരുന്നു; ആരെല്ലാമാണ് പരാതികൾ സമർപ്പിച്ചത്; പ്രസ്തുത പരാതികൾ പരിഹരിച്ചുവോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ;

(സി) 01/07/2011 മുതൽ 31/12/2012 വരെ എത്ര പേർക്ക് പി. എസ്. സി. വഴി നിയമനം നൽകിയിട്ടുണ്ട്;

(ഡി) 01/01/2013 മുതൽ 31/12/2013 വരെ വിവിധ വകുപ്പുകളിലായി എത്ര പേർക്ക് നിയമനം നൽകി എന്ന് അറിയിക്കുമോ?

# കേരള നിയമസഭ
## 06.02.2014-ലെ മറുപടിക്ക്

പി. എസ്. സി. നടത്തുന്ന ഒ. എം. ആർ. പരീക്ഷകളുടെ മൂല്യനിർണ്ണയം

5011 ശ്രീ. കെ. മുരളീധരൻ
,, വി. ഡി. സതീശൻ
,, ഡൊമിനിക് പ്രസന്റേഷൻ
,, വർക്കല കഹാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പി. എസ്. സി. നടത്തുന്ന ഒ. എം. ആർ. പരീക്ഷകളുടെ മൂല്യനിർണ്ണയം കുറ്റമറ്റതാക്കുന്നതിനും അതിവേഗത്തിലാക്കുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കുമോ;

(ബി) ഇതിനായി അത്യാധുനിക സാങ്കേതിക വിദ്യകൾ ഉപയോഗിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദാംശങ്ങൾ എന്തെല്ലാം;

(സി) ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കുമോ ?

# കേരള നിയമസഭ
# 06.02.2014-ലെ മറുപടിക്ക്

<u>പി.എസ്.സി.യുടെ പുതിയ വെബ്സൈറ്റ്</u>

5012 ശ്രീ. അൻവർ സാദത്ത്
'' ഡൊമിനിക് പ്രസന്റേഷൻ
'' ഐ. സി. ബാലകൃഷ്ണൻ
'' ഷാഫി പറമ്പിൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പി.എസ്.സി. യുടെ പുതിയ വെബ്സൈറ്റിന്റെ പ്രവർത്തനത്തിന് തുടക്കം കുറിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഇതിന്റെ പ്രവർത്തനം പൂർണ്ണമായി തുടങ്ങിയിട്ടുണ്ടോ; വിശദാംശങ്ങൾ എന്തെല്ലാം;

(സി) പുതിയ വെബ്സൈറ്റിന്റെ പ്രവർത്തനം പൂർണ്ണമാകുന്നതുവരെ പഴയ സൈറ്റിന്റെ പ്രവർത്തനം തുടരുമോ; വിശദമാക്കുമോ;

(ഡി) ഇത് സംബന്ധിച്ചുള്ള അവബോധം ഉദ്യോഗാർത്ഥികൾക്കിടയിൽ സൃഷ്ടിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

**കേരള നിയമസഭ**
**06.02.2014-ലെ മറുപടിക്ക്**

<u>റിസർവ് കണ്ടക്ടർമാരുടെ പി.എസ്..സി. റാങ്ക്ലിസ്റ്റ്</u>

5013 ശ്രീ. ബാബു എം. പാലിശ്ശേരി

താഴെ കാണുന്ന ചോദ്യത്തിന്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

നിലവിലുള്ള കെ.എസ്.ആർ.ടി.സി. റിസർവ് കണ്ടക്ടർമാരുടെ പി.എസ്.സി. റാങ്ക് ലിസ്റ്റിൽ ആകെ എത്ര പേർ ഉൾപ്പെട്ടിട്ടുണ്ട് ; ഈ റാങ്ക് ലിസ്റ്റ് എന്നാണ് നിലവിൽ വന്നത് ?

# കേരള നിയമസഭ
# 06.02.2014-ലെ മറുപടിക്ക്

<u>റാങ്ക് ലിസ്റ്റുകളുടെ കാലാവധി ദീർഘിപ്പിക്കുന്നതിനുള്ള നടപടി</u>

5014 ശ്രീ. ഇ. പി. ജയരാജൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വിവിധ ജില്ലകളിൽ നിലവിലുള്ളതും 2014 ജനുവരി, ഫെബ്രുവരി, മാർച്ച്, ഏപ്രിൽ, മെയ് മാസങ്ങളിൽ കാലാവധി പൂർത്തീകരിക്കുന്നതും നാളിതുവരെ കാലാവധി ദീർഘിപ്പിച്ചു നൽകിയിട്ടില്ലാത്തതുമായ പി.എസ്.സി. റാങ്ക് ലിസ്റ്റുകൾ ഏതെല്ലാമെന്ന് വ്യക്തമാക്കുമോ ;

(ബി) ഇത്തരത്തിലുള്ള സംസ്ഥാനാടിസ്ഥാനത്തിലുള്ള പി.എസ്.സി. റാങ്ക് ലിസ്റ്റുകൾ ഏതെല്ലാമെന്ന് വ്യക്തമാക്കുമോ ;

(സി) തെരഞ്ഞെടുപ്പ് പെരുമാറ്റചട്ടം നിലവിൽ വരുവാൻ സാധ്യതയുള്ളതിനാൽ 2014 ജനുവരി, ഫെബ്രുവരി, മാർച്ച്, ഏപ്രിൽ, മെയ് മാസങ്ങളിൽ കാലാവധി അവസാനിക്കുന്ന റാങ്ക് ലിസ്റ്റുകളുടെ കാലാവധി ദീർഘിപ്പിക്കുവാൻ ഉടൻ നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
# 06.02.2014-ലെ മറുപടിക്ക്

<u>കാലാവധി നീട്ടിയ പി.എസ്.സി. റാങ്ക് ലിസ്റ്റുകൾ</u>

5015 ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എത്ര പി.എസ്.സി. റാങ്ക് ലിസ്റ്റുകളുടെ കാലാവധി നീട്ടി നൽകിയിട്ടുണ്ടെന്ന് വിശദമാക്കാമോ ;

(ബി) പ്രസ്തുത ലിസ്റ്റുകൾ ഏതൊക്കെയാണെന്നും എത്ര കാലാവധി നീട്ടിനൽകിയെന്നും വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 06.02.2014-ലെ മറുപടിക്ക്

<u>അസിസ്റ്റന്റ് തസ്തികയിലെ നിയമനം</u>

5016 ശ്രീ. മോൻസ് ജോസഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സെക്രട്ടേറിയറ്റ്, പി. എസ്. സി, ലോക്കൽ ഫണ്ട് ഓഡിറ്റ്, എന്നീ വകുപ്പുകളിൽനിന്ന് അസിസ്റ്റന്റ് നിയമനവുമായി ബന്ധപ്പെട്ട് പി.എസ്.സി.ക്ക് 2014 ജനുവരി വരെ എത്ര ഒഴിവുകൾ റിപ്പോർട്ട് ചെയ്തു; ഇതിൽ എത്ര പേർക്ക് നിയമനം നൽകി; എൻ.ജെ.ഡി ഒഴിവുകൾ എത്ര; ഇത് പി.എസ്.സിയ്ക്ക് വീണ്ടും റിപ്പോർട്ട് ചെയ്തിട്ടുണ്ടോ;

(ബി) 2013 ആഗസ്റ്റ് 1 മുതൽ 2014 മാർച്ച് 31 വരെ എത്ര ഒഴിവുകളാണ് ഈ തസ്തികയിൽ പ്രതീക്ഷിക്കുന്നത്; ഇവ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യുവാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 06.02.2014-ലെ മറുപടിക്ക്

<u>ജൂനിയര്‍ കോ-ഓപ്പറേറ്റീവ് ഇന്‍പെക്ടര്‍ പരീക്ഷ</u>

T.5017 ശ്രീ. റ്റി. വി. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) 28-9-2013-ന് സഹകരണവകുപ്പില്‍ ജൂനിയര്‍ കോ-ഓപ്പറേറ്റിവ് ഇന്‍സ്പെക്ടര്‍ നിയമനത്തിന് പി.എസ്.സി. നടത്തിയ എഴുത്തുപരീക്ഷയിലെ ചോദ്യങ്ങള്‍ ഒരു പുസ്തകത്തില്‍ നിന്നും പകര്‍ത്തിയതാണെന്ന പരാതിയില്‍ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ;

(ബി) പരീക്ഷയുടെ സുതാര്യത നഷ്ടപ്പെട്ട സ്ഥിതിക്ക് പ്രസ്തുത പരീക്ഷ റദ്ദ് ചെയ്ത് പുതിയ പരീക്ഷ നടത്തുന്നതിന് നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 06.02.2014-ലെ മറുപടിക്ക്

<u>കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ ജൂനിയർ കോ-ഓപ്പറേറ്റീവ് ഇൻസ്പെക്ടർ തസ്തികയിലേയ്ക്ക് നടത്തിയ പരീക്ഷ</u>

5018 ശ്രീ. ബി. സത്യൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ 2013 സെപ്റ്റംബർ 28-ാം തീയതി, ജൂനിയർ കോ-ഓപ്പറേറ്റീവ് ഇൻസ്പെക്ടർ (കാറ്റഗറി നമ്പർ 449/11) തസ്തികയിലേയ്ക്ക് നടത്തിയ പരീക്ഷയുടെ ഫൈനൽ ആൻസർ കീ പ്രസിദ്ധീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസിദ്ധീകരണ തീയതി ഉൾപ്പെടെയുള്ള ആൻസർ കീയുടെ പകർപ്പ് ലഭ്യമാക്കാമോ;

(ബി) ഫൈനൽ ആൻസർ കീയിൽ ആറ് ചോദ്യങ്ങൾക്ക് തെറ്റായ ഉത്തരങ്ങളും നാല് ചോദ്യങ്ങൾക്ക് ഒന്നിലധികം ഉത്തരങ്ങളുമുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇത് പരിഹരിക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) ഈ പരീക്ഷയിലെ ചോദ്യങ്ങൾ മിക്കതും ഒരു റാങ്ക് ഫയലിൽ നിന്നുള്ളവയായിരുന്നുവെന്ന് പരാതി ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇത് സംബന്ധിച്ച് എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ;

(ഡി) പ്രസ്തുത പരീക്ഷ റദ്ദാക്കി പുതിയ പരീക്ഷ നടത്താൻ പി.എസ്.സി. തീരുമാനിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 06.02.2014-ലെ മറുപടിക്ക്

ലാസ്റ്റ് ഗ്രേഡ് വിഭാഗം ജീവനക്കാർക്കുള്ള പ്രൊമോഷൻ സംവരണം

5019 ശ്രീ. റ്റി. യു. കുരുവിള

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വിവിധ വകുപ്പുകളിൽ ജോലി ചെയ്യുന്ന ലാസ്റ്റ് ഗ്രേഡ് വിഭാഗം ജീവനക്കാർക്ക് 10% സംവരണം നൽകിയത് സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ;

(ബി) ആയതിന്റെ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(സി) ആശുപത്രികളിലെ ഹോസ്പിറ്റൽ അറ്റന്റർമാരെ കൂടി ഈ പ്രൊമോഷനിൽ പരിഗണിക്കുമോ; വിശദാംശം ലഭ്യമാക്കുമോ;

(ഡി) എൽ. ജി. എസ്.-ലെ ഏതെല്ലാം വിഭാഗങ്ങൾക്കാണ് ഇപ്പോൾ പ്രൊമോഷന് 10% സംവരണം നിർദ്ദേശിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 06.02.2014-ലെ മറുപടിക്ക്

<u>സർക്കാർ സർവ്വീസിൽ ക്ലാസ്സ് IV ജീവനക്കാർക്ക് പ്രമോഷൻ</u>

5020 ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സർക്കാർ സർവ്വീസിൽ ക്ലാസ്സ് IV ജീവനക്കാർക്ക് എൽ. ഡി. ക്ലർക്ക്, ടൈപ്പിസ്റ്റ് മുതലായ ഉയർന്ന തസ്തികയിലേയ്ക്കുള്ള പ്രമോഷൻ പത്തു ശതമാനം ആക്കിക്കൊണ്ട് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; എങ്കിൽ, ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ബി) നിലവിൽ എയ്ഡഡ് സ്കൂളുകളിലും എയ്ഡഡ് ഹയർ സെക്കന്ററി സ്കൂളുകളിലും ഇവരുടെ പ്രമോഷൻ എത്ര ശതമാനമാണെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത സ്കൂളുകൾക്കും ഈ ഉത്തരവ് ബാധകമാണോ എന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 06.02.2014-ലെ മറുപടിക്ക്

ഐ.ടി.ഐ.കളിലെ ജൂനിയര്‍ ഇന്‍സ്ട്രക്ടര്‍ (വെല്‍ഡര്‍)
തസ്തികയിലെ നിയമനം

5021

ശ്രീ. എം. ചന്ദ്രന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) വ്യവസായ പരിശീലന കേന്ദ്രത്തില്‍ (ഐ.ടി.ഐ) 1997 - നു ശേഷം എത്ര തസ്തികകളില്‍ നിയമനം നടത്തിയെന്നും ഇപ്പോള്‍ എത്ര തസ്തികകളില്‍ ഒഴിവുകള്‍ ഉണ്ടെന്നും അറിയിക്കുമോ;

(ബി) പ്രസ്തുത ഒഴിവുകള്‍ പി.എസ്.സി.ക്ക് റിപ്പോര്‍ട്ട് ചെയ്തിട്ടുണ്ടോ; ഈ തസ്തികകളില്‍ ഏതെല്ലാം റാങ്ക് ലിസ്റ്റുകള്‍ നിലവിലുണ്ട്;

(സി) ജൂനിയര്‍ ഇന്‍സ്ട്രക്ടര്‍ (വെല്‍ഡര്‍) തസ്തികയില്‍ (കാറ്റഗറി നം.233/2010) എന്നാണ് പരീക്ഷ നടത്തിയത്; പരീക്ഷ നടത്തുന്നതിന് കാലതാമസം നേരിടാനുണ്ടായ കാരണമെന്താണ്;

(ഡി) പ്രസ്തുത പരീക്ഷയുടെ ഷോര്‍ട്ട് ലിസ്റ്റ് പ്രസിദ്ധീകരിച്ചിട്ടുണ്ടോ; എങ്കില്‍ അന്തിമ ലിസ്റ്റ് എന്ന് പ്രസിദ്ധീകരിക്കാനാകുമെന്ന് അറിയിക്കുമോ;

(ഇ) ഈ തസ്തികയിലെ ഒഴിവുകള്‍ പി.എസ്.സി. ലിസ്റ്റില്‍ നിന്നും നികത്താന്‍ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 06.02.2014-ലെ മറുപടിക്ക്

<u>പി.എസ്.സി. നിയമനം</u>

5022 ശ്രീ. കെ. ദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2011 മെയ് മുതൽ 2013 ഡിസംബർ വരെ എത്ര ഒഴിവുകളാണ് പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്ത് ലഭിച്ചിട്ടുള്ളത്; ഇതിൽ എത്രപേർക്ക് അഡ്വൈസ്/നിയമനം നൽകിയിട്ടുണ്ട്;

(ബി) 2011 മെയ് മുതൽ 2013 ഡിസംബർ വരെ വിവിധ വകുപ്പുകളിലായി എത്ര താൽക്കാലിക നിയമനങ്ങൾ നടത്തിയിട്ടുണ്ട്; ഇതിൽ എത്ര നിയമനങ്ങൾ പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലവിലുള്ള തസ്തികകളിലേക്കായിരുന്നുവെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
# 06.02.2014-ലെ മറുപടിക്ക്

ആലപ്പുഴ ജില്ലയിലെ എൽ. ഡി. സി. പരീക്ഷ

5023 ശ്രീ. പി. കെ. ബഷീർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ ജില്ലയിലെ എൽ. ഡി. സി. പരീക്ഷയ്ക്കായി അപേക്ഷിച്ച തസ്നി എം. രജിസ്റ്റർ നമ്പർ എ-116783 യുടെ അപേക്ഷ സ്വീകരിച്ച് ഹാൾടിക്കറ്റ് നൽകിയ ശേഷം പരീക്ഷാ ഹാളിൽ എത്തിയപ്പോൾ ഫോട്ടോയിൽ പേരും, എടുത്ത തീയതിയും ഇല്ല എന്നതിന്റെ പേരിൽ പുറത്താക്കിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ന്യൂനതയുള്ള അപേക്ഷ നിരസിച്ച് ഹാൾടിക്കറ്റ് ഇഷ്യു ചെയ്യാതിരുന്നെങ്കിൽ, അപ്പോൾതന്നെ ന്യൂനത പരിഹരിക്കുന്നതിനും തന്മൂലം പരീക്ഷയെഴുതാൻ കഴിയുമായിരുന്നുവെന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ പി. എസ്. സി. യുടെ ഇത്തരം നടപടിയിൽ ആലപ്പുഴ ജില്ലയിൽ പി. എസ്. സി. പരീക്ഷ എഴുതാൻ കഴിയാത്ത എത്ര കുട്ടികൾ ഉണ്ടെന്ന് വ്യക്തമാക്കുമോ; മാനുഷിക പരിഗണനനൽകി ചെറിയ വീഴ്ച മാപ്പാക്കി ഇവർക്ക് മാത്രമായി പരീക്ഷ നടത്തുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 06.02.2014-ലെ മറുപടിക്ക്

<u>തിരുവനന്തപുരം ജില്ലയിലെ വിവിധ വകുപ്പുകളിലെ എൽ.ഡി. ക്ലർക്ക് നിയമനം</u>

5024 ശ്രീ. ഇ. പി. ജയരാജൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലയിൽ വിവിധ വകുപ്പുകളിലേക്കുള്ള എൽ.ഡി. ക്ലാർക്ക് റാങ്ക് ലിസ്റ്റ് നിലവിൽ വന്നതെപ്പോഴാണ്;

(ബി) ഇതിനോടകം പ്രസ്തുത റാങ്ക് ലിസ്റ്റിൽ നിന്നും എത്ര പേർക്ക് പി.എസ്.സി. അഡ്വൈസ് മെമ്മോ നൽകുകയുണ്ടായി;

(സി) അഡ്വൈസ് മെമ്മോ പ്രകാരം ഓരോ വകുപ്പിലും എത്ര പേർക്ക് വീതം നിയമനം നൽകിയതായി പി.എസ്.സി.യ്ക്ക് അറിയിപ്പു ലഭിച്ചിട്ടുണ്ട്;

(ഡി) ജനറൽ വിഭാഗം, വിവിധ സംവരണ വിഭാഗം എന്നിവയിൽ ഓരോന്നിലും എത്ര പേർക്ക് വീതം അഡ്വൈസ് നൽകി എന്നറിയിക്കുമോ;

(ഇ) ഇപ്പോൾ എത്ര വേക്കൻസികൾ പുതുതായി റിപ്പോർട്ട് ചെയ്ത് ലഭിച്ചിട്ടുണ്ട്; എപ്പോൾ അഡ്വൈസ് മെമ്മോ അയയ്ക്കുവാൻ കഴിയുമെന്നും അറിയിക്കുമോ?

# കേരള നിയമസഭ
# 06.02.2014-ലെ മറുപടിക്ക്

<u>ലാസ്റ്റ് ഗ്രേഡ് ജീവനക്കാരുടെ പ്രൊമോഷൻ</u>

5025 ശ്രീ. എ. കെ. ബാലൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വിവിധ വകുപ്പുകളിലെ എൽ.ഡി.ക്ലാർക്ക് തസ്തികയിലേയ്ക്ക് പി.എസ്.സി. നടത്തുന്ന റിക്രൂട്ട്മെന്റിൽ ലാസ്റ്റ് ഗ്രേഡ് ജീവനക്കാരുടെ നിലവിൽ എത്ര ശതമാനം സംവരണമാണ് ഉള്ളത്; എത്ര ലാസ്റ്റ് ഗ്രേഡ് ജീവനക്കാർ നിലവിൽ പി.എസ്.സി യുടെ റാങ്ക് ലിസ്റ്റിൽ ഉണ്ട്;

(ബി) 10 ശതമാനം ലാസ്റ്റ് ഗ്രേഡ് ജീവനക്കാരെ അതാത് വകുപ്പുകളിലെ എൽ.ഡി. ക്ലാർക്ക് തസ്തികയിൽ പ്രൊമോഷൻ നൽകി നിയമിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണ്;

(സി) പി.എസ്.സി റിക്രൂട്ട്മെന്റിന് പുറമെയാണോ വകുപ്പ് തലത്തിൽ പ്രൊമോഷൻ നൽകുന്നത്;

(ഡി) ലാസ്റ്റ് ഗ്രേഡ് ജീവനക്കാർക്ക് ഒരേ തസ്തികയിലേയ്ക്ക് പ്രൊമോഷൻ നൽകുന്നതിന് പി.എസ്.സി. മത്സര പരീക്ഷയിലൂടെയും വകുപ്പുകൾ നേരിട്ടും രണ്ടുതരത്തിലുള്ള നിയമനരീതി ആശാസ്യമാണോ; നിയമന രീതികൾ ഏകീകരിക്കാൻ നടപടി സ്വീകരിക്കുമോ?

## കേരള നിയമസഭ
## 06.02.2014-ലെ മറുപടിക്ക്

<u>പി. എസ്.സി ലിസ്റ്റിൽനിന്നും നിയമനം ഊർജ്ജിതപ്പെടുത്താൻ നടപടി</u>

5026 ശ്രീ. ഇ. കെ. വിജയൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2013-14 സാമ്പത്തിക വർഷത്തിൽ പി. എസ്. സി. വഴി എത്ര തസ്തികകളിൽ നിയമനം നടത്തിയിട്ടുണ്ട് ; വിശദാംശം നൽകാമോ ;

(ബി) കഴിഞ്ഞ വർഷത്തെ അപേക്ഷിച്ച് എത്ര ശതമാനം കുറവാണ് നിയമനത്തിൽ വന്നിട്ടുള്ളതെന്ന് പരിശോധിച്ചിട്ടുണ്ടോ ;

(സി) സർക്കാർ നിയമന നിരോധനം നീട്ടികൊണ്ട് പോകുന്നതിന്റെ കാരണം വ്യക്തമാക്കാമോ ;

(ഡി) ഇല്ലെങ്കിൽ നിലവിലുള്ള പി. എസ്. സി. ലിസ്റ്റിൽനിന്നും നിയമനനടപടികൾ ത്വരിപ്പെടുത്താൻ നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
# 06.02.2014-ലെ മറുപടിക്ക്

<u>തെരഞ്ഞെടുപ്പുകളിൽ നിഷേധവോട്ടുകൾ ഉൾപ്പെടുത്തുന്നതിന് നടപടി</u>

5027 ശ്രീ. പി. തിലോത്തമൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര തെരഞ്ഞെടുപ്പ് കമ്മീഷണന്റെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ വരുന്ന തെരഞ്ഞെടുപ്പുകളിൽ സംസ്ഥാനത്ത് നിഷേധവോട്ടുകൾ ഉൾപ്പെടുത്തുവാൻ നിശ്ചയിച്ചിട്ടുണ്ടോ എന്ന് അറിയിക്കുമോ; ഇത് സംബന്ധിച്ച ഉചിതമായ തീരുമാനം സംസ്ഥാന തെരഞ്ഞെടുപ്പ് വിഭാഗത്തിന് കൈക്കൊള്ളാൻ വ്യവസ്ഥയുണ്ടോ എന്ന് അറിയിക്കുമോ;

(ബി) തെരഞ്ഞെടുപ്പ് ഉദ്യോഗസ്ഥർക്കുള്ള തെരഞ്ഞെടുപ്പ് സംബന്ധിച്ച ക്ലാസ്സുകളും പൊതുജനങ്ങൾക്കുള്ള ബോധവൽക്കരണ പരിപാടികളും ഓൺലൈനായി ലഭിക്കുവാനും ടെലികോൺഫറൻസിംഗിലൂടെ സംശയ നിവാരണം വരുത്തുന്നതിനും സംവിധാനം ഒരുക്കുന്നതിന് ശ്രമിക്കുമോ?

# കേരള നിയമസഭ
## 06.02.2014-ലെ മറുപടിക്ക്

<u>വിമുക്തഭടന്മാരുടെ പ്രശ്നങ്ങൾ സംബന്ധിച്ച വിദഗ്ദ്ധ സമിതി റിപ്പോർട്ട്</u>

5028 ശ്രീ. ഹൈബി ഈഡൻ
,, സി. പി. മുഹമ്മദ്
,, സണ്ണി ജോസഫ്,
,, പാലോട് രവി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വിമുക്തഭടന്മാരുടെ പ്രശ്നങ്ങൾ പഠിക്കുന്നതിനായി വിഗദ്ധ സമിതിയെ ചുമതലപ്പെടുത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) സമിതിയുടെ പഠന റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ എന്തെല്ലാം;

(സി) റിപ്പോർട്ടിലെ പ്രധാന നിർദ്ദേശങ്ങൾ എന്തെല്ലാമാണ്; വിശദമാക്കുമോ;

(ഡി) റിപ്പോർട്ടിന്മേൽ എന്തെല്ലാം തുടർ നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം എന്നറിയിക്കുമോ ?

# കേരള നിയമസഭ
# 06.02.2014-ലെ മറുപടിക്ക്

<u>വിമുക്തഭടന്മാരുടെ ക്ഷേമം</u>

5029 ശ്രീ. ആർ. സെൽവരാജ്
,, അൻവർ സാദത്ത്
,, ബെന്നി ബെഹനാൻ
,, വി. ഡി. സതീശൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വിമുക്തഭടന്മാമാരുടെ പ്രശ്നങ്ങൾ പരിഹരിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കുവാനുദ്ദേശിക്കുന്നത് ; വിശദമാക്കുമോ ;

(ബി) ഇതുവരെ ലഭിച്ച പരാതികളിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) ഇവരുടെ പരാതികൾ സമയബന്ധിതമായി പരിഹരിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കാനുദ്ദേശിക്കുന്നുണ്ട് ;

(ഡി) വിമുക്തഭടന്മാമാരുടെ പുനരധിവാസത്തിന് എന്തെല്ലാം നടപടികളാണുദ്ദേശിക്കുന്നത് ;

(ഇ) ഇവർക്കുള്ള ആനുകൂല്യങ്ങൾ വർദ്ധിപ്പിച്ചിട്ടുണ്ടോ ; വിശദാംശങ്ങൾ എന്തെല്ലാം ?

# കേരള നിയമസഭ
## 06.02.2014-ലെ മറുപടിക്ക്

<u>ചികിത്സാ സഹായം അനുവദിച്ചവിവരം വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്താൻ നടപടി</u>

5030 ശ്രീ. ചിറ്റയം ഗോപകുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രിയുടെ ചികിത്സാദുരിതാശ്വാസഫണ്ടിൽനിന്നും തുക അനുവദിക്കുന്ന വിവരം ഔദ്യോഗിക സൈറ്റിൽ പ്രസിദ്ധപ്പെടുത്താറുണ്ടോ;

(ബി) ഇല്ലെങ്കിൽ അനുബന്ധവിവരം ഔദ്യോഗിക സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിന് വേണ്ട നിർദ്ദേശം നൽകുമോ?

## കേരള നിയമസഭ
## 06.02.2014-ലെ മറുപടിക്ക്

<u>മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും അരൂർ മണ്ഡലത്തിലെ ചികിത്സാ സഹായം</u>

5031

ശ്രീ. എ. എം. ആരിഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം ദുരിതാശ്വാസ നിധിയിൽ നിന്നും അരൂർ മണ്ഡലത്തിൽ എത്ര രൂപയാണ് ചികിത്സാ സഹായമായി അനുവദിച്ചിട്ടുള്ളത്; എത്ര പേർക്കാണ് അനുവദിച്ചിട്ടുള്ളത്;

(ബി) ജില്ലാ കളക്ടറുടെ റിപ്പോർട്ടിന്മേൽ എത്ര പേർക്ക് എത്ര രൂപാ വീതം അനുവദിച്ചു എന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത മണ്ഡലത്തിൽ ചികിത്സാ സഹായം അനുവദിച്ചതിനുശേഷം തുക ലഭിക്കുന്നതിനായി കാലതാമസം ഉണ്ടാകുന്നതായുള്ള പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; കാലതാമസം ഒഴിവാക്കുന്നതിനുള്ള സത്വര നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
## 06.02.2014-ലെ മറുപടിക്ക്

<u>ദുരിതാശ്വാസ നിധിയിൽ നിന്നും അനുവദിച്ച ധനസഹായം ആറ് മാസത്തിലേറെയായി വിതരണം നടത്താത്തതിനിടയായ സാഹചര്യം</u>

5032 ശ്രീ. കെ. കെ. ജയചന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും 2013 ജൂലൈ മാസം മുതൽ അനുവദിച്ച ധനസഹായം ഇടുക്കി ജില്ലയിൽ വിതരണം നടത്തിയിട്ടില്ലാത്തതും അർഹതപ്പെട്ട ധനസഹായം ലഭിക്കാത്തതിനാൽ പാവപ്പെട്ട രോഗികൾക്ക് യഥാസമയം തുടർചികിത്സ തേടുന്നതിന് കഴിയാത്തതുമായ സാഹചര്യം വിലയിരുത്തിയിട്ടുണ്ടോ;

(ബി) ജനസമ്പർക്ക പരിപാടിയിൽ അപേക്ഷിക്കുന്നവർക്ക് അതേ ദിവസം തന്നെ ധനസഹായം വിതരണം നടത്തുമ്പോൾ അർഹതപ്പെട്ടതും ദുരിതാശ്വാസ നിധിയിൽ നിന്നും അനുവദിച്ചതുമായ ധനസഹായം ആറ് മാസത്തിലേറെയായി വിതരണം നടത്താത്തതിനിടയായ സാഹചര്യം വിശദീകരിക്കാമോ?

**കേരള നിയമസഭ**
**06.02.2014-ലെ മറുപടിക്ക്**

<u>അപകട, അസ്വാഭാവിക മരണങ്ങൾക്ക് കുടുംബത്തിന് അനുവദിക്കുന്ന തുകയും അതിനുള്ള മാനദണ്ഡവും</u>

5033 ശ്രീ. എൻ. എ. നെല്ലിക്കുന്ന്

താഴെ കാണുന്ന ചോദ്യത്തിന്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

അപകട, അസ്വാഭാവിക മരണങ്ങൾക്ക് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും കുടുംബത്തിന് അനുവദിക്കുന്ന തുകയുടെ തോതും അതിനുള്ള മാനദണ്ഡവും വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 06.02.2014-ലെ മറുപടിക്ക്

<u>ദുരിതാശ്വാസ നിധിയിൽ കൂടുതൽ സഹായം നൽകുന്നതിന് നടപടി</u>

5034

ശ്രീ. റ്റി. യു. കുരുവിള

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മാരകമായ രോഗം പിടിപെട്ടവർക്കും അകാലത്തിൽ മരണപ്പെടുന്നവരുടെ ആശ്രിതർക്കും നൽകിവരുന്ന സഹായം വീണ്ടും വർദ്ധിപ്പിച്ച് നൽകുന്നതിന് നടപടികൾ ഉണ്ടാകുമോ;

(ബി) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും രോഗികൾക്കും നിരാലംബർക്കും നൽകുന്ന ചികിത്സാ - ദുരിതാശ്വാസ മാതൃകയിൽ പഞ്ചായത്തുകൾ തോറും സ്പോൺസർമാരെ കണ്ടെത്തി ഇത്തരക്കാർക്ക് കൂടുതൽ സഹായം നൽകുന്നതിന് നടപടികൾ ഉണ്ടാകുമോ; വിശദാംശം ലഭ്യമാക്കുമോ?

# കേരള നിയമസഭ
# 06.02.2014-ലെ മറുപടിക്ക്

<u>കണ്ണൂർ ജില്ലയിലെ എൻഡോസൾഫാൻ ദുരിതബാധിതർക്ക് ആനുകൂല്യം</u>

5035 ശ്രീ. സി. കൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എൻഡോസൾഫാൻ ദുരിതബാധിതർക്കുള്ള ആനുകൂല്യം ലഭിക്കുന്നതിനുള്ള പട്ടികയിൽ കണ്ണൂർ ജില്ലയിലെ പഞ്ചായത്തുകളെ ഉൾപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ ഏതെല്ലാം പഞ്ചായത്തുകളെയാണ് ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് വിശദമാക്കാമോ;

(ബി) ഇല്ലെങ്കിൽ കാസറഗോഡ് ജില്ലയുടെ സമീപ പഞ്ചായത്തുകളായ കണ്ണൂർ ജില്ലയിലെ കാങ്കോൽ, ആലപ്പടമ്പ്, പെരിങ്ങോം, വയക്കര എന്നീ പഞ്ചായത്തുകളെ പ്രസ്തുത പട്ടികയിൽ ഉൾപ്പെടുത്താൻ നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ?

# കേരള നിയമസഭ
## 06.02.2014-ലെ മറുപടിക്ക്

**ടീം സോളാർ, സ്വിസ് സോളാർ എന്നീ കമ്പനികളിൽ നിന്നും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേയ്ക്ക് ലഭ്യമായ സംഭാവന സംബന്ധിച്ച വിവരം**

5036 ശ്രീ. പുരുഷൻ കടലുണ്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം ടീം സോളാർ, സ്വിസ് സോളാർ എന്നീ കമ്പനികളിൽ നിന്ന് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേയ്ക്ക് ചെക്കുകൾ, ഡ്രാഫ്റ്റുകൾ എന്നിവയായും പണമായും എത്ര തവണ സംഭാവന ലഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ഇവ ഓരോന്നും ഏത് തീയതിയിൽ ലഭിച്ചുവെന്നും തുക എത്രയെന്നും ഏറ്റു വാങ്ങിയത് ആരെന്നും വ്യക്തമാക്കാമോ;

(സി) ഈ ചെക്കുകളുടേയും ഡി.ഡി കളുടേയും തീയതി, തുക ഇവ ആരുടെ പേരിലുള്ളവ ആയിരുന്നു തുടങ്ങിയ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ഡി) ചെക്കുകളേതെങ്കിലും അക്കൗണ്ടിൽ തുകയില്ലാതെ മടങ്ങിയിട്ടുണ്ടോ; വ്യക്തമാക്കാമോ; ഇതിന്റെ പണം പിന്നീട് ലഭിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ?

# കേരള നിയമസഭ
# 06.02.2014-ലെ മറുപടിക്ക്

<u>കെ. ടി. ബാലകൃഷ്ണന്‍ നായരുടെ മകളുടെ ചികിത്സയ്ക്ക് ധനസഹായം</u>

5037 ശ്രീ. എ. കെ. ശശീന്ദ്രന്‍

താഴെ കാണുന്ന ചോദ്യത്തിന്
**മുഖ്യമന്ത്രി**
സദയം മറുപടി നല്‍കുമോ:

മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയില്‍ നിന്ന് കോഴിക്കോട് ജില്ലയിലെ കെ. ടി. ബാലകൃഷ്ണന്‍ നായര്‍, കിഴക്കേടത്ത് വീട്, 'കൃഷ്ണകൃപ', പറമ്പില്‍ പി. ഒ. എന്നയാള്‍ മകളുടെ ചികിത്സാ സഹായത്തിന് അപേക്ഷ നല്‍കിയിട്ടുണ്ടോ; എങ്കില്‍ പ്രസ്തുത നിവേദനത്തിന്മേല്‍ എത്ര രൂപയുടെ ധനസഹായം അനുവദിച്ചെന്ന് വെളിപ്പെടുത്താമോ?